RURAL INFORMATION BUREAU


# ഗ്രാമഭൂമി

ദ്വൈമാസിക

2020 മാർച്ച്-ഏപ്രിൽ
പുസ്തകം 43 ലക്കം 2




# കോവിഡ് കാലം ഓർമ്മപ്പെടുത്തുന്നത്

# ഒന്നിച്ചു നിൽക്കാം

## പൊരുതി തോൽപ്പിക്കാം കോവിഡിനെ

കോവിഡ് 19 ന് എതിരായ പോരാട്ടത്തിലാണ് കേരളം. കോവിഡ് എന്ന മഹാമാരി പലരുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ അതിജീവനപാതയിൽ നമുക്കൊരുമിക്കാം... ദുരിതബാധിത ജീവിതങ്ങളെ കൈപിടിച്ചുയർത്താം...

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്/പാൻഡെമിക് റിലീഫ് ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്തുകൊണ്ട്...**



ശാരീരിക അകലം
സാമൂഹിക ഒരുമ

Break the chain

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2020 മാർച്ച്-ഏപ്രിൽ
പുസ്തകം 43
ലക്കം 2



## എഡിറ്റോറിയൽ

# അതിജീവിക്കാം ഈ കോവിഡിനെയും

കോവിഡ് എന്ന മഹാമാരിയുടെ കാലം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്താണ്? വ്യക്തിശുചിത്വത്തിൽ നാം അശ്രദ്ധാലുക്കളായി എന്നാണോ! ഇത് വ്യക്തമാകുവാൻ കുറച്ച് പഴയ കാലത്തിലേക്ക്... അൽപം പുറകോട്ട് നടക്കേണ്ടിയിരിക്കുന്നു. ഏതാണ്ട് എഴുപതുകളിലെ തുടക്കത്തിലൊക്കെയാകാം കേരളത്തിലെ എല്ലാ വീടുകളുടെ ഉമ്മറങ്ങളിലും ഒരു കിണ്ടി വെള്ളം ഒരു കരുതലായി ഇരിപ്പുണ്ടായിരുന്നു. ഗേറ്റ് കടന്നുവരുന്ന അതിഥിയോടൊപ്പം ഉള്ളിലേക്ക് കടക്കാൻ സാധ്യതയുള്ള അജ്ഞാത വൈറസുകളെ തുരത്താൻ ശേഷിയുള്ള ഒരൽപ്പം ശുദ്ധജലം! (അന്ന് ഇന്നത്തെപ്പോലെ ടാപ്പ് തിരിച്ചാൽ അനായാസം ഒഴുകുന്ന കോർപ്പറേഷൻ ജലം ഇല്ലായിരുന്നു എന്നു ഓർക്കുക). കാലും കയ്യും മുഖവും കഴുകിയിട്ടല്ലാതെ പുറത്ത് നിന്ന് വരുന്ന ഒരാളും വീട്ടിലേക്ക് പ്രവേശിക്കില്ല. അതിൽ വീട്ടിനുള്ളിലുള്ളവരും കുട്ടികളും വയസ്സായവരും എല്ലാവരും പെടും. കിണ്ടിയിലെ ജലത്തിൽ രണ്ട് മൂന്ന് കൃഷ്ണതുളസിയിലയോ, ആര്യവേപ്പിലയോ ഇടുന്നത് രോഗാണുക്കളെ അകറ്റാൻ ഏറെ ഉത്തമം. രോഗാണുക്കളെ തുരത്താൻ ഇവയ്ക്കുള്ള ഔഷധീയമായ കഴിവ് ആചാര്യശ്രേഷ്ഠൻമാർ പണ്ടേ പറഞ്ഞ് വച്ചിട്ടുള്ളതാണ്. അന്ന് മനുഷ്യർ വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയൊക്കെ അങ്ങേയറ്റം നിഷ്കർഷയോടെ പാലിച്ചിരുന്നു. എന്നാൽ പഴമക്കാർ വ്യക്തിശുചിത്വത്തിനും പരിസരശുചിത്വത്തിനും നൽകിയിരുന്ന പ്രാധാന്യം ഇന്നത്തെ സമൂഹത്തിന് പ്രാവർത്തികമാക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.. കോവിഡ് എന്ന വൈറസു മാത്രമല്ല മറ്റു പല രോഗാണുക്കളും പുറത്ത് നിന്ന് വീട്ടിനുള്ളിലേക്ക് പ്രവേശിക്കുന്നത് പുറത്തുപോയിവരുന്ന കുടുംബാംഗങ്ങളിൽ നിന്നോ വീട്ടിലേക്ക് കടന്നുവരുന്ന അതിഥികളിൽ നിന്നോ ആയിരിക്കും. ഇവയെ ഒഴിവാക്കാൻ വീടിനുള്ളിൽ പ്രവേശിക്കും മുമ്പ് ഒരൽപ്പം സോപ്പും വെള്ളവും നമുക്കും കരുതാം. കാരണം ഓരോ വ്യക്തിയും ഇപ്രകാരം വ്യക്തിശുചിത്വം പാലിക്കുമ്പോൾ രക്ഷിക്കപ്പെടുന്നത് ഒന്നിലധികം ജീവനുകളാണ്. ചെറിയ ചെറിയ കരുതലുകൾ വലിയ രക്ഷയിലേക്കുള്ള പടവുകളായി മാറുകയാണ്. അത് വളർന്ന് വലിയ ഒരു സാമൂഹിക നൻമയിലേക്ക് ഒരു ജനതയെ തന്നെ നയിക്കാൻ സഹായകമാകും. അതിന് നാം ഇത്രമാത്രം ചെയ്താൽ മതിയാകും. സ്വയം രോഗവാഹകർ ആകാതിരിക്കാം.

ഉപദേശക സമിതി ചെയർമാൻ: എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 • കെ. വനജ കുമാരി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-2
• അബ്ദുൽ സലീം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY • എം കെ ഉഷ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
• ഡി. സുധ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി • ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
• ദിവ്യ ഡെപ്യൂട്ടി ഡയറക്ടർ (P&M) • സബീഹ പി.എം, സീനിയർ ഫിനാൻസ് ഓഫീസർ • എച്ച്. നജീബ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ അജിതാദാസ് ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കാംപെയ്ൻ ഓഫീസർ ജെ ആർ അഞ്ജന അസിസ്റ്റന്റ് എഡിറ്റർ സി. പ്രശാന്ത് അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ റ്റി. സനൽകുമാർ മാനേജർ കവർ & ലേ-ഔട്ട് രതീഷ് കുമാർ rash8590070404@gmail.com

ഓഫീസ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

## കത്തുകൾ

### *അതിജീവനത്തിന്റെ ‘ലൈഫ്’*

തല ചായ്ക്കാൻ സ്വന്തമായൊരു കൂര എന്ന പാവപ്പെട്ടവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കാനായി സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ‘ലൈഫ്’ പദ്ധതിയുടെ വിജയം അഭിമാനാർഹമാണ്. പദ്ധതിയുടെ ഗുണഭോക്താക്കളായ ലക്ഷക്കണക്കിന് ആൾക്കാരിൽ വിരിയുന്ന പുഞ്ചിരിയിൽ തെളിയുന്നത് ജന്മസാഫല്യത്തിന്റേതാണ്. മാനുഷിക സ്പർശമുള്ള ഇത്തരം പദ്ധതികളുമായി ഇനിയും സർക്കാർ മുന്നോട്ടു പോകട്ടെ. ആശംസകൾ.

അജേഷ്.എം, ബാലുശ്ശേരി.

### *കാടിന്റെ മക്കൾ*

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ സ്പന്ദനങ്ങളൊന്നും തിരിച്ചറിയാതെ ഇപ്പോഴും കാടിന്റെ ആവാസവ്യവസ്ഥയ്ക്കൊപ്പം ജീവിതം നയിക്കുന്ന കാട്ടുനായ്ക്കരുടെ ഗ്രാമമായ കുറിച്യാടിനെ പരിചയപ്പെടുത്തിക്കൊണ്ട് രമേഷ് കുമാർ വെള്ളമുണ്ട എഴുതിയ ലേഖനം മികച്ചതായി. അഭിനന്ദനങ്ങൾ.

സാബു തോമസ്, ചവറ.

### *ലഹരി മുക്തി*

പുതുതലമുറയെ ലഹരിയുടെ ഉപയോഗത്തിൽ നിന്ന് മോചിപ്പിക്കുന്നതിനായി സംസ്ഥാന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി മനസ്സിലാക്കാൻ കഴിയുന്നതായിരുന്നു കഴിഞ്ഞ ലക്കം ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച ‘ലഹരി മുക്ത നവകേരളത്തിനായി പ്രതിബദ്ധതയോടെ എക്സൈസ് വകുപ്പ്’ എന്ന ലേഖനം.തുടർന്നും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

എം.മുരളീധരക്കുറുപ്പ്
പുളിമാത്ത്.

## കവർസ്റ്റോറി



ഒരാളുടെ ആരോഗ്യം അയാളുടെ സ്വന്തം കാര്യമാണെന്ന തോന്നൽ കൊറോണ തിരുത്തിയിരിക്കുന്നു. കമ്പോളത്തിന്റെ വ്യക്തിവാദ യുക്തികൾ ഈ കൊറോണക്കാലത്ത് ഊതി വീർപ്പിച്ച ബലൂൺ പോലെ പൊട്ടി.


**6** കോവിഡ് കാലം ഓർമ്മപ്പെടുത്തുന്നത്
*ഷിജു ഏലിയാസ്*

**11** പ്രതിരോധ കവചമൊരുക്കി പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

**14** പ്രതിരോധ സജ്ജമായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

**17** **പൊതുവിജ്ഞാനം**





**19** കവിത
അടുക്കള വഴി
*വിബു പിരപ്പൻകോട്*



ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ
തപാലിൽ ലഭിക്കുവാൻ

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക email : ribkerala@gmail.com



ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.




22
**കാർഷികം**
അതിജീവനത്തിന്റെ കൃഷിപാഠം
*വിൻസന്റ് പീറ്റർ*





20
**ഓർമ്മ**
ആർക്കും കിട്ടാത്ത ഒരച്ഛൻ
*ഗീത പുതുശ്ശേരി*





28
**നവകേരളം**
നമ്മൾ നമുക്കായി





24
**പരിസ്ഥിതി**
മലയാളി മനസ്സിന് എന്തുപറ്റി?
*ആര്യനാട് സത്യൻ*






34
**പദ്ധതി**
കാടിനുള്ളിലുണ്ട് രാജ്യത്തെ മികച്ച ആതുരാലയം
*രമേഷ്കുമാർ വെള്ളമുണ്ട*

37 വികസന വാർത്തകൾ 38 ശാസ്ത്രവെളിച്ചം



# കോവിഡ് കാലം ഓർമ്മപ്പെടുത്തുന്നത്

ഷിജു ഏലിയാസ്

കോവിഡിന് മുമ്പും അതിനു ശേഷവും എന്ന് ചരിത്രത്തെ രണ്ടായി വിഭജിക്കുന്ന ഒരു മഹാമാരിയിലൂടെയാണ് ലോകം കടന്നു പോകുന്നത്. ഏപ്രിൽ അവസാന വാരത്തിലെ കണക്കുകൾ എടുത്താൽ, മൂന്ന് ദശലക്ഷത്തിലധികം ആളുകൾ രോഗത്തിന്റെ പിടിയിലായി. മരണസംഖ്യ രണ്ട് ലക്ഷം പിന്നിട്ടു. ലോകത്തിലെ നൂറ്റി തൊണ്ണൂറ് രാജ്യങ്ങളും പൂർണ്ണമായോ ഭാഗികമായോ ലോക്ക് ഡൗണിലാണ്. കോവിഡ് കാലത്തെ തൊഴിൽ നഷ്ടത്തിന്റെയും ധനനഷ്ടത്തിന്റെയും ശരിയായ കണക്കുകൾ വരാനിരിക്കുന്നതേയുള്ളൂ. ഏതാനും രാജ്യങ്ങളിലൊഴികെ, രോഗവ്യാപനത്തോത് കുറയുന്നതിന്റെ സൂചനകൾ പോലും കണ്ടു തുടങ്ങിയിട്ടില്ല.

ജനുവരി 30 നാണ് ഇന്ത്യയിൽ ആദ്യത്തെ കൊറോണ രോഗബാധ സ്ഥിരീകരിച്ചത്. മാർച്ച് ആദ്യവാരം വരെ രോഗികളുടെ എണ്ണം ഒറ്റയക്കത്തിൽ പിടിച്ചു നിർത്താൻ നമുക്കായി. വിവിധ ലോക രാജ്യങ്ങളിൽ കോവിഡ് 19 സാമൂഹ്യ വ്യാപനത്തിലേക്ക് കടന്ന മാർച്ച് മൂന്നാം വാരത്തോടെ ഇന്ത്യയിലും സ്ഥിതി വഷളായി. മാർച്ച് 25ന് രാജ്യം സമ്പൂർണ്ണ ലോക്ക് ഡൗണിലെത്തി. ഏപ്രിൽ 6 നു ശേഷം ഓരോ ആറു ദിവസവും രോഗബാധിതരുടെ എണ്ണം ഇരട്ടിയായയതായി കണക്കുകൾ കാണിക്കുന്നു. ഏപ്രിൽ അവസാന വാരത്തോടെ, മുപ്പതിനായിരത്തിലധികം പേർക്ക് രോഗം സ്ഥിരീകരിച്ചു. മഹാരാഷ്ട്രയിൽ, വിശേഷിച്ച് മുംബൈ നഗരത്തിൽ, രോഗത്തിന്റെ സാമൂഹ്യ വ്യാപനം പ്രകടമാണ്. കൊറോണ വ്യാപനത്തോടെ, രാജ്യത്തെ

**ഒരാളുടെ ആരോഗ്യം അയാളുടെ സ്വന്തം കാര്യമാണെന്ന തോന്നൽ കൊറോണ തിരുത്തിയിരിക്കുന്നു. കമ്പോളത്തിന്റെ വ്യക്തിവാദ യുക്തികൾ ഈ കൊറോണക്കാലത്ത് ഊതി വീർപ്പിച്ച ബലൂൺ പോലെ പൊട്ടി.**



സാമൂഹ്യ ജീവിതവും സാമ്പത്തിക ക്രമവും പ്രതിസന്ധിയിലായി. കൂലിവേലക്കാരും ചെറുകിട വ്യാപാരികളും ദരിദ്രകർഷകരും അടങ്ങുന്ന കോടിക്കണക്കിനു പേരുടെ ജീവിതമാർഗം അടഞ്ഞു. അടച്ചുപൂട്ടൽ പ്രതീക്ഷിക്കാതെ ദൂരസ്ഥലങ്ങളിൽ കുടുങ്ങിപ്പോയ ലക്ഷക്കണക്കിനു പേർ വിവരണാതീതമായ ദുരിതത്തിലേക്ക് തള്ളിവിടപ്പെട്ടു. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കരുതലും സഹായവും മാത്രമാണ് ഇത്തരക്കാരുടെ പ്രതീക്ഷ.

ഒരാളുടെ ആരോഗ്യം അയാളുടെ സ്വന്തം കാര്യമാണെന്ന തോന്നൽ കൊറോണ തിരുത്തിയിരിക്കുന്നു. കമ്പോളത്തിന്റെ വ്യക്തിവാദ യുക്തികൾ ഈ കൊറോണക്കാലത്ത് ഊതി വീർപ്പിച്ച ബലൂൺ പോലെ പൊട്ടി. ആരോഗ്യരക്ഷാ സംവിധാനങ്ങൾ പൊതുമേഖലയിൽ നിലനിർത്തണം എന്ന ശക്തമായ സന്ദേശമാണ് ഈ കോവിഡ് കാലം നൽകുന്നത്.

രോഗഗ്രസ്തമായ സമൂഹത്തിൽ ഒരാൾക്കോ ഒരു കുടുംബത്തിലുള്ളവർക്കോ മാത്രം ആരോഗ്യത്തോടെയിരിക്കാൻ കഴിയില്ല. ചൈന, വിയറ്റ്നാം, ക്യൂബ, കൊറിയകൾ (തെക്കൻ കൊറിയയും വടക്കൻ കൊറിയയും) തുടങ്ങിയ രാജ്യങ്ങൾ കോവിഡ് വ്യാപനം തടയുന്നതിൽ താരതമ്യേന ഭേദപ്പെട്ട അളവിൽ വിജയിച്ചത് പൊതുജനാരോഗ്യ സംവിധാനത്തിന്റെ മികവിലാണ്. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. കൊറോണ നിവാരണ പ്രവർത്തനങ്ങളിൽ കേരളം കൈവരിക്കുന്ന മേൽക്കൈ നമ്മുടെ പൊതു ജനാരോഗ്യ ക്രമത്തിന്റെ മികവും ജനകീയ സംവിധാനങ്ങളുടെ വ്യാപ്തിയും മതേതര പൊതുമണ്ഡലത്തിന്റെ കരുത്തും വ്യക്തമാക്കുന്നു.

ബിബിസി, ദ ഗാർഡിയൻ, ദ വാഷിങ്ടൺ പോസ്റ്റ്, അൽ ജസീറ, ദ ട്രിബ്യൂൺ മാഗസിൻ, ദ എക്കണോമിസ്റ്റ്, അറബ് ന്യൂസ്, വോയ്സ് ഓഫ് അമേരിക്ക എന്നു വേണ്ട ലോകത്തിലെ മുൻനിര മാധ്യമങ്ങൾ ഒരേ സ്വരത്തിൽ കേരളത്തിലെ കോവിഡ് നിവാരണ പ്രവർത്തനങ്ങളെ പ്രശംസിച്ചു കൊണ്ട് വിശദമായ റിപ്പോർട്ടുകൾ നൽകി.

പണമുള്ളവർ വിദഗ്ധ ചികിൽസയ്ക്കു വേണ്ടി പോയിരുന്ന സമ്പന്ന രാജ്യങ്ങളിൽ കോവിഡ് 19 ന്റെ സംഹാര താണ്ഡവമാണ് കാണുന്നത്. കോവിഡ് വ്യാപനം തടയുന്നതിന് ഒരു ചെറുവിരലെങ്കിലും ചലിപ്പിക്കാൻ ഇവിടങ്ങളിലെ അത്യാഡംബര സൗകര്യങ്ങളുള്ള സൂപ്പർ സ്പെഷാലിറ്റി ആശുപത്രികൾക്ക് കഴിഞ്ഞില്ല. പണം തോറ്റിടത്ത് സാമൂഹികത വിജയിക്കുന്നു എന്നതാണ് കൊറോണക്കാലത്തെ പാഠം. അല്ലെങ്കിൽ, ഡൊണാൾഡ് ട്രംപിന്റെയും മൈക് പെൻസിന്റെയും അമേരിക്കയ്ക്ക് കഴിയാത്തത് പിണറായി വിജയന്റെയും ശൈലജ ടീച്ചറുടെയും കേരളത്തിന് കഴിയുന്നതെങ്ങനെ! 'നമ്മളെങ്ങനെ നമ്മളായി' എന്ന് ഓർമിക്കാൻ കോവിഡ് നമുക്ക് ഒരവസരം തന്നിരിക്കുന്നു. കാൽ നൂറ്റാണ്ടുകാലം വേണ്ടത്ര ശ്രദ്ധ കിട്ടാതെ കിടന്ന കേരളത്തിലെ പൊതുജനാരോഗ്യരംഗം ആർദ്രം ദൗത്യത്തിലൂടെ നടത്തിയ ഉയിർത്തെഴുന്നേൽപ്പ് കൂടിയാണ് ഇവിടെ അംഗീകരിക്കപ്പെടുന്നത്. ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി മുടക്കിയ നാലായിരത്തോളം കോടി രൂപയും ആരോഗ്യരംഗത്ത് സൃഷ്ടിച്ച രണ്ടായിരത്തിലധികം തസ്തികകളും ജീവനോളം വിലയുള്ള സേവനങ്ങളായി പൊതു സമൂഹത്തിന് തിരിച്ചു കിട്ടിയിരിക്കുന്നു. പതിനായിരക്കണക്കിന്

ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും, സ്വന്തം ആരോഗ്യവും സുരക്ഷിതത്വവും കരുതി വീട്ടിലിരിക്കാതെ, ഇറങ്ങി നടന്ന് ശേഖരിച്ച വിവരങ്ങൾ വച്ചാണ് കേരളത്തിലെ കോവിഡ് നിവാരണ പ്രവർത്തനങ്ങളെ ഓരോ ദിവസവും ചിട്ടപ്പെടുത്തിയത്. സർക്കാർ ആശുപത്രികളെയും സർക്കാർ സ്കൂളുകളെയും പുച്ഛത്തോടെ കണ്ട ചെറുതല്ലാത്ത ഒരു വിഭാഗം കേരളത്തിലുണ്ട്. ഈ അടച്ചുപൂട്ടൽ ദിവസങ്ങളിൽ മലയാളത്തിലെ സാമൂഹ്യ മാധ്യമങ്ങൾ നിറയെ അവരുടെ പ്രച്ഛന്ന കുമ്പസാരങ്ങളാണ്.

എല്ലാം വിപണിക്കു വിട്ടു കൊടുത്താൽ വിപണി തന്നെ സ്വയം അതിന്റെ കുഴിതോണ്ടുമെന്ന് സമ്പന്ന പാശ്ചാത്യ രാജ്യങ്ങളുടെ, വിശേഷിച്ച് അമേരിക്കൻ ഐക്യനാടുകളുടെ കോവിഡ് അനുഭവം വ്യക്തമാക്കുന്നു. രോഗ പ്രതിരോധവും ചികിൽസയുമടക്കം മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾക്ക് ഇനിയുള്ള കാലം കേവലം ലാഭനഷ്ടക്കണക്കുകൾ വച്ച് വിലയിടാനാവില്ല. കമ്പോളം പറയുകയും മനുഷ്യൻ അനുസരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥയുടെ ബലഹീനതകൾ എന്നത്തേതിലും നഗ്നമായി വെളിപ്പെട്ടിരിക്കുന്നു. പ്രായം ചെന്നവർ കോവിഡ് ബാധിച്ച് മരിച്ചാൽ, അത് കോവിഡിന്റെ കണക്കിൽ എഴുതാതെ സ്വാഭാവിക മരണമായി റിപ്പോർട്ട് ചെയ്യുന്ന രീതി പല രാജ്യങ്ങളും പിന്തുടരുന്നതായി സൂചിപ്പിക്കുന്ന റിപ്പോർട്ടുകൾ വന്നു കൊണ്ടിരിക്കുന്നു. മറുവശത്ത്, രാഷ്ട്രീയ പക്ഷമോ മതമോ സാമ്പത്തിക പരിഗണനകളോ നോക്കാതെ അമ്പതിലധികം രാജ്യങ്ങളിലെ കോവിഡ് നിവാരണ പ്രവർത്തനങ്ങളിൽ ക്യൂബയിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകരുടെ പങ്കാളിത്തമുണ്ട്. അതേ സമയം, അമേരിക്കയും നാറ്റോയും യൂറോപ്യൻ യൂണിയനും തങ്ങളുടെ രാഷ്ട്രീയ വിശ്വാസങ്ങളോട് യോജിക്കാനാകാത്ത രാജ്യങ്ങൾക്കെതിരെ നടപ്പിലാക്കിയ സാമ്പത്തിക ഉപരോധവും അന്താരാഷ്ട്ര ബന്ധങ്ങളിലെ നിയന്ത്രണവും ഈ കോവിഡ് കാലത്തും തുടരുകയാണ്. ഭരണകൂടങ്ങളെ തിരുത്താൻ അവയുടെ യഥാർഥ യജമാനൻമാരായ സിവിൽ സമൂഹം മുന്നോട്ടു വരുന്ന ഒന്നായിരിക്കും കോവിഡനന്തര കാലം എന്ന് കരുതാം.

കൊറോണ വ്യാപനത്തിന്റെ സൂചന ലഭിച്ച ജനുവരി അവസാന വാരം മുതൽക്ക് കേരളം സ്വീകരിച്ച നടപടികൾ ലോകം മുഴുവൻ ശ്രദ്ധിച്ചു. സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ഡോക്ടർമാരും സ്റ്റാഫ് നഴ്സുമാരുമടക്കം എഴുന്നൂറിലധികം ആരോഗ്യ പ്രവർ

## നിരാലംബർക്കായി സംസ്ഥാന സർക്കാരിന്റെ 20,000 കോടിയുടെ പാക്കേജ്

കോവിഡ് നേരിടാൻ മാർച്ച് 19 നാണ് സംസ്ഥാനം 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത്. 12,320 കോടി രൂപയുടെ ധനസഹായം ജനങ്ങളിലെത്തിച്ചു. ഭക്ഷണം ഉറപ്പാക്കി. വീടിന് പുറത്തിറങ്ങാതെ തന്നെ എല്ലാ കാര്യങ്ങളും കൃത്യമായി നടന്നു.

- 54 ലക്ഷം പേർക്ക് 4,709 കോടി രൂപ രണ്ടു ഘട്ടമായി വിതരണം ചെയ്തു. ആദ്യം രണ്ടുമാസത്തേത്. പിന്നീട് മുൻകൂർ ഉൾപ്പെടെ അഞ്ചുമാസം ഒരുമിച്ചും, ഓരോ കുടുംബത്തിലും കുറഞ്ഞത് 8500 രൂപ വീതമെത്തി.
- വിവിധ ക്ഷേമനിധികളിൽ 19.5 ലക്ഷം നിഷ്ക്രിയ അംഗങ്ങൾ ഉൾപ്പെടെ 75 ലക്ഷം പേർക്ക് കുറഞ്ഞത് ആയിരം രൂപ ധനസഹായം കിട്ടി. 1140 കോടി രൂപ നൽകി. പെൻഷനോ മറ്റ് സഹായമൊന്നുമോ ലഭിക്കാത്ത 14.7 ലക്ഷം പേർക്ക് ആയിരം രൂപ വീതം വിതരണം ചെയ്തു.
- ബി.പി.എൽ അന്ത്യോദയ ഒഴികെയുള്ളവർക്ക് പത്ത് കിലോ വീതം അരി. 991 കോടി രൂപയുടെ ധാന്യങ്ങളും പലവ്യഞ്ജന കിറ്റുകളും നൽകി. 31.5 ലക്ഷം മുൻഗണനാ വിഭാഗം കുടുംബങ്ങൾക്ക് 35 കിലോ അരിയും കിറ്റും ഉറപ്പാക്കി. പുറത്തുള്ളവർക്കെല്ലാം റേ



ഷൻ കാർഡ് ഉടമസ്ഥത നോക്കാതെ 10 കിലോ അരിയും കിറ്റും.

- 25 രൂപയ്ക്ക് ഊണ് കൊടുക്കുന്ന ഭക്ഷണശാലയുടെ 358 യൂണിറ്റ് തുടങ്ങി. 13.58 ലക്ഷം ഭക്ഷണപ്പൊതി വിതരണം ചെയ്തു. 600 ടൺ അരി സർക്കാർ നൽകി. സർക്കാർ സഹായം 120 കോടിയിലേറെ.
- മരുന്നിനും മെഡിക്കൽ ഉപകരണങ്ങൾക്കും പ്രതിരോധ സാമഗ്രികൾക്കും ഇതുവരെ 607 കോടി രൂപ നൽകി. ബജറ്റിൽ ആരോഗ്യമേഖലയ്ക്കുള്ള വകയിരുത്തൽ 400 കോടിയും.
- 1562 കോടി രൂപയുടെ കുടുംബശ്രീ വായ്പാ അപേക്ഷ ബാങ്കുകൾ പരിഗണിക്കുന്നു. മൊത്തം 1,70,943 അപേക്ഷ. 212 കോടിയുടെ വായ്പ വിതരണം ചെയ്തു. 23,457 അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭിച്ചു. പലിശ ബാധ്യത സർക്കാർ ഏറ്റെടുത്തു.
- തൊഴിലുറപ്പ് പദ്ധതിയിൽ ഈ വർഷത്തേക്ക് കേന്ദ്രം അനുവദിച്ചത് 396 കേടി രൂപ. ഇത് ചെലവഴിക്കാൻ നൽകി. പദ്ധതിയുടെ 75 ശതമാനത്തിലേറെ കേന്ദ്ര വിഹിതമാണ്. അതും കഴിഞ്ഞ വർഷത്തെ കുടിശ്ശിക 400 കോടിയും കിട്ടാനുണ്ട്.



**കൊറോണ വ്യാപനത്തിന്റെ സൂചന ലഭിച്ച ജനുവരി അവസാന വാരം മുതൽക്ക് കേരളം സ്വീകരിച്ച നടപടികൾ ലോകം മുഴുവൻ ശ്രദ്ധിച്ചു.**

ത്തകരുടെ താൽക്കാലിക തസ്തികകളാണ് സൃഷ്ടിച്ചത്. 276 ഡോക്ടർമാരെ പിഎസ്‌സി വഴി നിയമിച്ചതിനു പുറമേയാണിത്. തുടക്കത്തിൽത്തന്നെ ആരോഗ്യ സ്ഥാപനങ്ങളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രൊട്ടോക്കോൾ കർശനമായി നടപ്പാക്കി.

രോഗബാധിത പ്രദേശങ്ങളിൽ നിന്ന് വരുന്നവരുടെയും രോഗലക്ഷണങ്ങൾ കാണിക്കുന്നവരുടെയും പട്ടിക തയ്യാറാക്കി അവരെ ഐസൊലേഷനിൽ പാർപ്പിക്കുന്നതിനും രോഗ പരിശോധനയും പരിചരണവും ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പഴുതടച്ച ക്രമീകരണങ്ങൾ ഒരുക്കി. ഐസൊലേഷനിൽ കഴിയുന്നവരെ കൃത്യമായി മോണിട്ടർ ചെയ്ത് അവരുടെ ആരോഗ്യ വിവരങ്ങൾ ബന്ധപ്പെട്ട വെബ്സൈറ്റിൽ യഥാസമയം അപ്‌ലോഡ് ചെയ്തു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ, സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മകൾ തുടങ്ങിയവയെ ഏകോപിപ്പിച്ച് സമ്പൂർണ്ണ ആരോഗ്യ ജാഗ്രതയും തെരുവിൽ അന്തിയുറങ്ങുന്നവരുടെ പുനരധിവാസമടക്കമുള്ള സാമൂഹ്യ സുരക്ഷാ നടപടികളും ഉറപ്പു വരുത്തി. വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ചുമതലകൾ നൽകി സന്നദ്ധ പ്രവർത്തകരെ നിയോഗിച്ചു. ഈ കോവിഡ് കാലത്ത് കേരളത്തിലെ കമ്യൂണിറ്റി കിച്ചൻ സമാനമായ മറ്റൊരു മാതൃക ലോകത്തെവിടെയെങ്കിലും നടപ്പിലാക്കിയതായി അറിവില്ല.

മാർച്ച് പകുതിക്കു ശേഷമുള്ള ഏതാനും ആഴ്ചകൾ കേരളത്തിന് നിർണായകമായിരുന്നു. സാമൂഹ്യ ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ ബ്രെയ്ക്ക് ദി ചെയിൻ, സാമൂഹ്യ അകലം പാലിക്കൽ പ്രോട്ടോക്കോൾ സംബന്ധിച്ച് നടത്തിയ വിപുല പ്രചാരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ജാഗ്രത്താക്കി. വാർഡ് ഹെൽത്ത് കമ്മിറ്റികൾ, ആരോഗ്യ ജാഗ്രതാ സമിതികൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച എമർജൻസി റെസ്പോൺസ് ടീമുകൾ എന്നിവ സജീവമായി രംഗമേറ്റെടുത്തു. ഐസൊലേഷനൊ ക്വാറന്റൈനോ ആവശ്യമായി വന്നാൽ ഉപയോഗപ്പെടുത്താവുന്ന കെട്ടിടങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നതടക്കമുള്ള ഒരുക്കങ്ങൾ ഓരോ പഞ്ചായത്തും നഗരസഭയും നടത്തി. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ, തെരുവുകളിൽ അന്തിയുറങ്ങുന്ന അഗതികളും ഭിക്ഷാടകരുമടക്കമുള്ള വിഭാഗങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരധിവസിപ്പിച്ചു. അതിഥിത്തൊഴിലാളികൾക്ക് സുരക്ഷിതമായ താമസവും ഭക്ഷണവും ഉറപ്പു വരുത്തി. സെക്ര



**ഏതൊരു ജനതയും തകർന്നു പോകുമായിരുന്ന പ്രതിസന്ധികളെ കേരളം ഒറ്റക്കെട്ടായി നേരിടുകയാണ്.**

ട്ടേറിയറ്റിലെ വാർ റൂം ദിവസത്തിലെ 24 മണിക്കൂറും സജീവമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കോവിഡ്-19 സെൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന കോവിഡ് നിവാരണ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു വരുന്നു. മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ രോഗവ്യാപന നിരക്ക് കുറഞ്ഞത് ആശ്വാസകരമാണ്. എന്നിരുന്നാലും സാമൂഹ്യ വ്യാപന സാധ്യത ഇപ്പോഴും ഇല്ലാതായിട്ടില്ല. ഇപ്പോഴുള്ള ജാഗ്രത ഇനിയും തുടരണമെന്നർത്ഥം. വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി, ലക്ഷക്കണക്കിനു പേർ തിരികെയെത്താനിരിക്കെ, വിശേഷിച്ചും.

കൊറോണ കാലത്ത് ലോകത്തെ ഏറ്റവും സുരക്ഷിത സ്ഥലങ്ങളിൽ ഒന്നായി കേരളം മനസ്സിലാക്കപ്പെട്ടിരിക്കുന്നു. ഇനിയുള്ള കാലം നിക്ഷേപകർ കേരളത്തിലേക്ക് കൂടുതലായി ആകർഷിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. മടങ്ങി വരുന്ന പ്രവാസികളുടെ സേവനം സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന ഗൗരവപൂർണ്ണമായ ആലോചന തുടങ്ങിക്കഴിഞ്ഞു. വിവര സാങ്കേതിക വ്യവസായത്തിന് എന്തു കൊണ്ടും അനുയോജ്യമായ കേരളത്തിന് ഏഷ്യയുടെ ഐ.ടി. തലസ്ഥാനമാകാനുള്ള ശേഷിയുണ്ട്. ആ ദിശയിൽ കൂടുതൽ ചർച്ചകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ജൈവകൃഷിയാണ് മറ്റൊരു പ്രധാന സാധ്യത. മുഖ്യമന്ത്രി പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതേ സ്പിരിറ്റിൽ ഏറ്റെടുത്താൽ, കേരളത്തിന്റെ മുഖച്ഛായ മാറും. സംയോജിത ജൈവ കൃഷിയും മൃഗപരിപാലനവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണവും ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കും. മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഈ വെല്ലുവിളി അവസരമാക്കി മാറ്റാൻ നാം മനസ്സു വയ്ക്കണം എന്നു മാത്രം.

തുടർച്ചയായ രണ്ടു വർഷങ്ങളിൽ നേരിട്ട പ്രളയത്തിന്റെ ആഘാതത്തിൽ നിന്ന് കേരളം കരകയറി വരുന്നതിനിടയിലാണ് അതിനേക്കാൾ വലിയ അടിയായി കോവിഡ് 19 എത്തിയത്. ഏതൊരു ജനതയും തകർന്നു പോകുമായിരുന്ന പ്രതിസന്ധികളെ കേരളം ഒറ്റക്കെട്ടായി നേരിടുകയാണ്. അതിജീവനത്തിന്റെ വഴി ശ്രമകരമായിരിക്കാം. എങ്കിലും നമുക്കതിനാവും. നാം സ്വയം ഓർമപ്പെടുത്തുക. ഇത് കേരളമാണ്.●





# പ്രതിരോധ കവചമൊരുക്കി

## പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

**മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ കോവിഡ് 19 നെ ചെറുക്കാൻ ശ്രമിക്കുകയാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ**

എറണാകുളം ജില്ലയിൽ കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന നെടുമ്പാശ്ശേരി, ചെങ്ങമനാട്, ശ്രീമൂലനഗരം, പാറക്കടവ്, കുന്നുകര, പുത്തൻവേലിക്കര എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്.

അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ തന്നെ കേരളത്തിൽ കോവിഡ് 19, കൊറോണ വൈറസ് രോഗബാധ റിപ്പോർട്ട് ചെയ്തത് മുതൽ ബ്ലോക്ക് പഞ്ചായത്ത് അതീവ ജാഗ്രതയിൽ ആയിരുന്നു.

### ജാഗ്രതാ മുന്നൊരുക്ക പ്രവർത്തനങ്ങൾ

2020 മാർച്ച് ആദ്യവാരത്തിൽ തന്നെ കോവിഡ് 19 പ്രതിരോധ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനക്കാരുടെയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചു ചേർത്ത് അടിയന്തരമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ തയ്യാറാക്കി.

### ബോധവത്ക്കരണം

2020 മാർച്ച് 13 ന് ബ്ലോക്ക് ഓഫീസ് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും കൂടാതെ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി കോവിഡ് 19 അവബോധന ക്ലാസ് നടത്തപ്പെട്ടു. ബ്ലോക്ക് പരിധിയിലെ ചെങ്ങമനാട്, പുത്തൻവേലിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ കോറോണ വൈറസ് ബാധയുടെ പ്രാഥമിക ലക്ഷണങ്ങളെകുറിച്ചും അതിന്റെ വ്യാപനത്തെകുറിച്ചും വിശദമായി ജീവനക്കാർക്ക് ബോധവത്ക്കരണം നടത്തി. കൂടാതെ ശാസ്ത്രീയമായി എങ്ങനെയാണ് കൈകഴുകൽ നടത്തേണ്ടതെന്നും വിശദീകരിച്ചു. യോഗത്തിൽ ഉയർന്ന സംശയങ്ങൾ



**അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ തന്നെ കേരളത്തിൽ കോവിഡ് 19, കൊറോണ വൈറസ് രോഗബാധ റിപ്പോർട്ട് ചെയ്തത് മുതൽ ബ്ലോക്ക് പഞ്ചായത്ത് അതീവ ജാഗ്രതയിൽ ആയിരുന്നു.**

ക്ക് ഡോക്ടർ സൈനാമേരി, എലിസബത്ത് എന്നിവർ മറുപടി പറഞ്ഞു.

### ഓഫീസ് തല പ്രവർത്തനങ്ങൾ

പാറക്കടവ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ നിർദ്ദേശപ്രകാരം കോവിഡ് 19 കൺട്രോൾ റൂം ആരംഭിച്ചു. ഒരു ജീവനക്കാരനെ അതിന്റെ ചാർജ്ജ് ഓഫീസറായി നിയമിച്ചു. 6 ഗ്രാമ പഞ്ചായത്തുകളിലേയും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ചുമതല നൽകുകയും അവർ ആവശ്യമായ ഘട്ടങ്ങളിൽ പഞ്ചായത്ത് തല പ്രതിരോധ പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്തിരുന്നു. കൂടാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ പഞ്ചായത്ത് തല പ്രതിരോധപ്രവർത്തനങ്ങളിൽ ആവശ്യമായ പിന്തുണ നല്കിയിട്ടുണ്ട്. ബോധവത്ക്കരണ നോട്ടീസുകൾ ഓഫീസിലും സമീപ സ്ഥാപനങ്ങളിലും പതിക്കുകയും സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തു.

### ബ്രേക്ക് ദി ചെയിൻ

ബ്രേക്ക് ദി ചെയിൻ ക്യാമ്പയിന്റെ ഭാഗമായി കൊറോണ വ്യാപനത്തെ ഫലപ്രദമായി തടയുന്നതിനായി 'കൈകഴുകൽ' നടപ്പാക്കുന്നതിന് ഓഫീസിന്റെ പ്രവേശന കവാടത്തിലും മറ്റിടങ്ങളിലും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഹാൻഡ് വാഷ്/ സോപ്പ്/വെള്ളം സൗകര്യം തയ്യാറാക്കി. ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ ഉൾപ്പെടെയുള്ള കോവിഡ് 19 അവബോധന സ്റ്റിക്കറുകളും നോട്ടീസുകളും ബോർഡുകളും ഓഫീസിലും പരിസരത്തും വ്യാപകമായി പതിപ്പിച്ചു.

### വാഹന പ്രചാരണ ബോധവത്ക്കരണം

പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് കോവിഡ് 19 വൈറസ് പ്രതിരോധ, ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങളും ബ്രേക്ക് ദി ചെയിൻ കാമ്പയിന്റെ ഭാഗമായുള്ള കൈ കഴുകലിന്റെ പ്രധാന്യവും സാമൂഹിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകതയും വാഹന പ്രചാരണ ബോധവത്ക്കരണത്തിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു. ബ്ലോക്ക് പഞ്ചായത്ത് റെക്കോർഡ് ചെയ്ത് സി.ഡി രൂപത്തിലാക്കിയ നിർദ്ദേശങ്ങൾ ഉച്ചഭാഷിണിയിലൂടെ ബ്ലോക്ക് പ്രദേശത്തെ എല്ലാ പഞ്ചായത്തിലേയും പൊതുജനങ്ങളിലേക്ക് അറിയിപ്പ് ആയി 2020 മാർച്ച് 21 ശനിയാഴ്ച മുതൽ രണ്ടു വാഹനങ്ങളിൽ പരസ്യ പ്രചാരണം വഴി എത്തിക്കുകയായിരുന്നു.

### തുടർ പ്രവർത്തനങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ചെങ്ങമനാട്, പുത്തൻവേലിക്കര സാമൂഹികാരോഗ്യകേന്ദ്രങ്ങളിലെ കോവിഡ്-19 പ്രതിരോധ, അവബോധന പ്രവർത്തനങ്ങളിൽ നിരന്തരമായി ബന്ധപ്പെട്ടും ഇടപെട്ടും ആവശ്യമായ ദിശാ നിർദ്ദേശങ്ങൾ നല്കി. സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഒ.പി.-യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകി. നിലവിൽ ഒഴിവുകൾ ഉണ്ടായിരുന്ന ഫാർമസിസ്റ്റ് വേക്കൻസികൾ കോവിഡ് 19 അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് താല്ക്കാലിക നിയമനം നടത്തി പരിഹരിച്ചു. സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ക്യാൻസർ ഡയാലിസിസ് വൃക്കരോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നല്കി. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേക്ക് "തെർമ്മൽ സ്കാനറുകൾ" വാങ്ങി നൽകി.

### പ്രതിദിന ഡാറ്റാ ശേഖരണം

കോവിഡ് 19 കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് ഓരോ ഗ്രാമ പഞ്ചായത്തിലും വീടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ ഉണ്ടായിരുന്നവരുടെ വിവരം ദിവസേന ശേഖരിച്ച് ജില്ലാ ഓഫീസിലേക്ക് റിപ്പോർട്ടു ചെയ്തിരുന്നു.

## കമ്മ്യൂണിറ്റി കിച്ചൺ ഏകോപനം

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 6 ഗ്രാമ പഞ്ചായത്തുകളിലും ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. അശരണർക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയിരുന്നു.

## അതിഥി തൊഴിലാളി ഷെൽറ്റർ

ലോക്ക് ഡൗൺ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 2695 തൊഴിലാളികൾ ആണ് ഉണ്ടായിരുന്നത്. അതിൽ 70 പേരെ പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ 3-ാം വാർഡിലെ പുളിയനം സ്കൂളിൽ ഒരു ഷെൽറ്റർ തയ്യാറാക്കി താമസിപ്പിക്കുകയായിരുന്നു. മറ്റുള്ളവർ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപന ഉടമകളുടെ സംരക്ഷണയിൽ ആയിരുന്നു. ഷെൽറ്ററിൽ താമസിച്ചിരുന്ന 70 തൊഴിലാളികളുടെയും ഭക്ഷണം, വിനോദ ഉപാധികൾ, മറ്റു സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും മോണിറ്ററിംഗും ബ്ലോക്ക് പഞ്ചായത്ത് നടത്തിയിരുന്നു.




## ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ തുടർച്ച

കൊറോണ വ്യാപനം തടയുന്നതിനായി കൈകഴുകൽ സൗകര്യം എല്ലായിടങ്ങളിലും തുടർന്നും ലഭ്യമാണ് എന്ന് മോണിറ്ററിംഗ് ചെയ്ത് കൊണ്ടിരുന്നു. ആവശ്യമായ ഘട്ടങ്ങളിൽ അവ ലഭ്യമാക്കിയിരുന്നു. സാമൂഹിക അകലം പാലിക്കൽ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ അവബോധനം നടത്തിയിരുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

കോവിഡ് 19, കോറോണ ബാധയെ കുറിച്ചുള്ള മുന്നറിയിപ്പ് ലഭിച്ച സമയം മുതൽ MGNREGS തൊഴിലാളികൾക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുകയും, കൈകഴുകൽ, സാമൂഹിക അകലം പാലിക്കൽ തുടങ്ങിയവയുടെ ആവശ്യകതയും അവർക്ക് വിശദീകരിച്ചു കൊടുത്തിരുന്നു. ലോക്ക് ഡൗൺ പ്രഖ്യാപിച്ച ശേഷം സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ തൊഴിലുറപ്പ് പ്രവർത്തനങ്ങളും നിർത്തിവയ്ക്കുകയും ചെയ്തു. തുടർന്ന് ലോക്ക് ഡൗൺ ഇളവുകളുടെ ഭാഗമായി കോവിഡ് 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ച് തൊഴിലുറപ്പ് പ്രവൃത്തികൾ പുനരാരംഭിക്കുവാൻ അനുമതി ലഭിച്ചതിനെ തുടർന്ന് 6 പഞ്ചായത്തുകളിലും നിശ്ചിത പ്രായപരിധിക്കുള്ളിലുള്ള തൊഴിലാളികൾ സാമൂഹിക അകലം, മാസ്ക്ക് ധാരണം, കൈകഴുകൽ എന്നീ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ ആരംഭിച്ചു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ മുതൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ വരെയുള്ള ബ്ലോക്ക് തല ഉദ്യോഗസ്ഥർ ഫീൽഡ് തല സന്ദർശനം വഴി തൊഴിലാളികൾ കോവിഡ് 19 പ്രതിരോധ നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. ഈ പരിമിതികൾക്കുളളിലും ജില്ലയിൽ ഏറ്റവും കൂടുതൽ അൺസ്കിൽഡ് ലേബർ നൽകുവാൻ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിനു കഴിഞ്ഞു.

## ചെലവ്

കോവിഡ് -19 , കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി ചെങ്ങമനാട്, പുത്തൻവേലിക്കര സാമൂഹികാരോഗ്യകേന്ദ്രങ്ങൾ വാങ്ങിയ മരുന്നുകൾ, മാസ്ക്കുകൾ, മറ്റു അണുമുക്ത സാമഗ്രികൾ എന്നിവയ്ക്ക് ചെലവായ തുക, പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ട്. 4 പ്രോജക്ടുകളിലായി 12 ലക്ഷം രൂപയ്ക്കാണ് അനുമതി ലഭ്യമാക്കിയത്. കൂടാതെ ഉച്ചയ്ക്കു ശേഷം ഒ.പി. പ്രവർത്തിക്കുന്നതിനായി സ്റ്റാഫിനെ നിയമിക്കുന്നതിനായി 9,92,200 രൂപയുടെ ഒരു പ്രോജക്ടിനും അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനു പുറമെ കോവിഡ് 19 പ്രതിരോധ, മുന്നൊരുക്ക, അവബോധന പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് 15000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## ആദരവ് ചടങ്ങ്

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകരെയും പോലീസ് സേന വിഭാഗത്തെയും ജീവനക്കാരേയും കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ലോക്ക് ഡൗൺ നിർദ്ദേശമനുസരിച്ച് സമൂഹത്തിന് മാതൃകയായി പ്രവർത്തിച്ച പൗരന്മാരെയും വ്യക്തികളെയും സന്നദ്ധസംഘടനകളെയും ആദരിക്കുന്നതിനായി പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് 'ആദരവ് ' എന്ന ചടങ്ങ് കോവിഡ് 19 ന്റെ പരിപൂർണ്ണമായ അതിജീവനത്തിനുശേഷം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കോവിഡ് -19 പോലെയുള്ള കാലഘട്ടങ്ങളിൽ സമൂഹനന്മയ്ക്കും കൂട്ടായ അതിജീവനത്തിനുമായി ജനങ്ങളെ സജ്ജമാക്കുവാനും ഒറ്റക്കെട്ടായി സർക്കാരിന്റെ ഒപ്പം അണിനിരത്തുവാനും കൂടിയാണ് ഇങ്ങനെ ഒരു ആദരവ് ചടങ്ങ് സംഘടിപ്പിക്കുന്നത്.●

സെക്രട്ടറി, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

# പ്രതിരോധ സജ്ജമായി

## നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

കോവിഡ് വ്യാപനത്തിന്റെ തുടക്കം മുതൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രതിരോധ നടപടികൾ സ്വീകരിച്ചിരുന്നു. തുടക്കം എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും ജീവനക്കാർക്കും സേവനങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമായി എത്തിച്ചേരുന്ന പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുമായി കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അവബോധം നൽകുകയും, അതുമായി ബന്ധപ്പെട്ട ബോധവൽക്കരണത്തിനാവശ്യമായ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. ബ്രേക്ക് ദി ചെയിനിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഉറപ്പാക്കി. അടിയന്തര സാഹചര്യങ്ങളിൽ ഐസൊലേഷൻ സൗകര്യങ്ങൾ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പ്രീ-മെട്രിക് ഹോസ്റ്റൽ ശുചീകരിച്ച് സജ്ജമാക്കി.

പ്രാരംഭ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പുറമെ മറ്റ് വിവിധ മേഖലകളിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ കൂടി നടത്തി വരുന്നുണ്ട്.





**മണ്ണിന്റേയും മനുഷ്യന്റേയും ആയുസ്സിനായി സ്ഥാപിതമായ ബ്ലോക്ക് പഞ്ചായത്തിന്റെ ജൈവഗ്രാമം മുഖേന കോവിഡ് കാലത്ത്, പത്തേക്കറിൽ ജൈവകൃഷി ആരംഭിച്ചു. കൂടാതെ രണ്ടരലക്ഷം പച്ചക്കറിത്തൈകൾ ഉത്പാദിപ്പിച്ച് കുടുംബശ്രീ പ്രവർത്തകർ മുഖേന വിതരണം നടത്തുകയും ചെയ്തു.**



### മാലിന്യ സംസ്കരണം

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടേയും ജനപ്രതിനിധികളുടേയും യോഗ തീരുമാനത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലേയും പൊതു സ്ഥലങ്ങൾ, തോടുകൾ, ഓടകൾ, പൊതുകിണറുകൾ, കൊതുകുകൾ വളരുന്നതും വെള്ളം കെട്ടികിടക്കാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ,



ഓട നികന്ന പ്രദേശങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പരിസരം, ഘടകസ്ഥാപനങ്ങളുടെ പരിസരം തുടങ്ങിയവയും ശുചീകരിച്ചു. ശുചീകരണത്തിന്റെ ഭാഗമായി അവശേഷിച്ച ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ചു. അജൈവ മാലിന്യങ്ങൾ പഞ്ചായത്തിൽ ഹരിതകർമ്മ സേനാ അംഗങ്ങൾ മുഖേന ശേഖരിച്ച് പഞ്ചായത്ത് തലത്തിൽ എം.സി.എഫിൽ എത്തിച്ചു. അവിടെവച്ച് തരം തിരിച്ച അജൈവ മാലിന്യങ്ങൾ ബ്ലോക്കിൽ സ്ഥാപിച്ചിട്ടുള്ള ആർ.ആർ.എഫ് ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറി.

## കൃഷി

മണ്ണിന്റേയും മനുഷ്യന്റേയും ആയുസ്സിനായി സ്ഥാപിതമായ ബ്ലോക്ക് പഞ്ചായത്തിന്റെ ജൈവഗ്രാമം മുഖേന, കോവിഡ് കാലത്ത് പത്തേക്കറിൽ ജൈവകൃഷി ആരംഭിച്ചു. കൂടാതെ രണ്ടരലക്ഷം പച്ചക്കറിത്തൈകൾ ഉത്പാദിപ്പിച്ച് കുടുംബശ്രീ പ്രവർത്തകർ മുഖേന വിതരണം നടത്തുകയും ചെയ്തു. അഞ്ച് ലക്ഷം തൈകൾ ഉത്പാദിപ്പിക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തരിശ്രഹിത കേരളം പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ കൃഷി ആരംഭിക്കുന്നതിന്റെ മുന്നോടിയായി കരകുളം കെൽട്രോണിന്റെ ഉടമസ്ഥതയിലുള്ള 100 ഏക്കർ തരിശ് ഭൂമിയിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ജൈവഗ്രാമം മുഖേന കൃഷി ആരംഭിച്ചു.

## സമൂഹ അടുക്കള

കോവിഡ് കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച സമൂഹ അടുക്കള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രധാനപ്പെട്ട പങ്കാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വഹിച്ചിട്ടുള്ളത്. സമൂഹ അടുക്കളയ്ക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളയിലേക്ക് 60 ചാക്ക് (30 കിന്റൽ) അരിയും, 200 കി.ഗ്രാം പയറും ജൈവഗ്രാമത്തിൽ ഉത്പാദിപ്പിച്ച 3000 കോഴിമുട്ടയും വിതരണം ചെയ്തു.



## ആരോഗ്യ മേഖല

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് ഘടകസ്ഥാപനമായ നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രി മുഖാന്തരം രോഗ പ്രതിരോധ മരുന്നുകൾ വിതരണം നടത്തുകയും, ഘടകസ്ഥാപനങ്ങൾ, ബ്ലോക്ക് പഞ്ചായത്തിന് സമീപത്തുള്ള ഫയർ സ്റ്റേഷൻ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്ക് മാസ്ക്കുകൾ, അണുനശീകരണ ശുചീകരണോപാധികൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു.



## മഴക്കാല പൂർവ്വ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം

മഴക്കാല പൂർവ്വ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഏകദിന ശുചീകരണ യജ്ഞം സംഘടിപ്പിക്കുകയും, വെള്ളം കെട്ടിനിൽക്കുന്നതും കൊതുകുകൾ വളരുവാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ കണ്ടെത്തി





# കൊട്ടാരക്കര കില ഇറ്റിസിയുടെ മാസ്ക് വിതരണം

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരക്കര കില ഇറ്റിസി നിർമ്മിച്ച തുണി മാസ്ക്കുകൾ പ്രിൻസിപ്പൽ ജി.കൃഷ്ണകുമാറിൽ നിന്നും ഗ്രാമ വികസന കമ്മീഷണർ എൻ. പദ്മകുമാർ ഏറ്റുവാങ്ങി.



അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർമാരായ വി.എസ്. സന്തോഷ്കുമാർ, ബിജോയ് കെ.വർഗീസ്, ജെഡിസിമാരായ ജെ.എ്.അനിൽകുമാർ, ഷാജി ക്ലമന്റ്, എഡിസി വി.ആർ. രാജീവ് എന്നിവർ സംസാരിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റ്, തൊഴിലുറപ്പു മിഷൻ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, പി.എം.ജി.എസ്. വൈ തുടങ്ങിയ ഓഫീസുകളിലെ ജീവനക്കാർക്ക് മാസ്ക്കുകൾ നൽകി.

കോവിഡ് പ്രതിരോധ പ്രോട്ടോക്കോൾ പ്രകാരം കൃത്യമായ സാമൂഹിക അകലവും സുരക്ഷാ ക്രമീകരണങ്ങളും പാലിച്ചാണ് കൊട്ടാരക്കര ഇറ്റിസിയിൽ മാസ്ക് നിർമ്മിച്ചത്. ഇറ്റിസിയിൽ തയ്യൽ - ഫാഷൻ ഡിസൈനിംഗ് പരിശീലനത്തിൽ പങ്കെടുത്ത സ്വയം തൊഴിൽ പരിശീലനാർത്ഥികളും ഗസ്റ്റ് അധ്യാപകരുമാണ് സന്നദ്ധ സേവനത്തിലൂടെ മാസ്ക്കുകൾ തുണിയിൽ നിർമ്മിക്കുന്നത്. മാസ്ക്കുകൾ ലഭ്യതയനുസരിച്ച് പ്രദേശത്തെ സർക്കാർ - തദ്ദേശ സ്വയംഭരണ സ്ഥാപന ഓഫീസുകളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും സൗജന്യമായാണ് വിതരണം ചെയ്യുന്നതെന്ന് പ്രിൻസിപ്പൽ ജി.കൃഷ്ണകുമാർ പറഞ്ഞു.

---



**ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച സമൂഹ അടുക്കള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രധാനപ്പെട്ട പങ്കാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വഹിച്ചിട്ടുള്ളത്.**

ശുചിയാക്കുകയും ഫയർഫോഴ്സിന്റെ സഹായത്തോടെ ബ്ലോക്ക് ഓഫീസും പരിസരവും അണുനശീകരണം നടത്തുകയും ചെയ്തു. കൂടാതെ പഞ്ചായത്തു തലത്തിൽ നടക്കുന്ന മഴക്കാല പൂർവ്വ ശുചീകരണ ഗൃഹ സന്ദർശന ബോധവൽക്കരണ പരിപാടികളുടെ ഏകോപന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

### ജലസംരക്ഷണം

മണ്ണ് ജലം എന്നിവയുടെ സംരക്ഷണം ലക്ഷ്യമിട്ട് എം.ജി.എൻ.ആർ.ഇ.ജി.എസുമായി സംയോജിപ്പിച്ച് കുളങ്ങൾ, തോടുകൾ, ഓടകൾ എന്നിവയുടെ ശുചീകരണവും സംരക്ഷണവും പരിപാലനവും മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കൂടാതെ പുരയിടങ്ങളിൽ ബണ്ടുകൾ, കോണ്ടൂർ ബണ്ടുകൾ എന്നിവയുടെ നിർമ്മാണം, കോണ്ടൂർ ചാലുകളുടെ നിർമ്മാണം, മഴക്കുഴി, തോട്, ഓട എന്നിവയുടെ നിർമ്മാണം, പച്ചത്തുരുത്തിന്റെ ഭാഗമായി തൈ നഴ്സറികൾ ആരംഭിക്കുകയും തൈകൾ വച്ച് പിടിപ്പിക്കുകയും ചെയ്തു.

കോവിഡ് പ്രതിരോധത്തിനാവശ്യമായ മുൻകരുതലുകൾ എടുത്തുകൊണ്ടും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുമാണ് തൊഴിലാളികൾ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് എന്ന് ഉറപ്പ് വരുത്താൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു.●

സെക്രട്ടറി, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്



**കോവിഡിനെ പ്രതിരോധിക്കാൻ ചുരുങ്ങിയത് 20 സെക്കന്റ് സോപ്പ് ഉപയോഗിച്ച് കൈകഴുകണമെന്നാണ് ആരോഗ്യ വിദഗ്ധർ നിഷ്കർഷിക്കുന്നത്.**

# കോവിഡ് –19

അഞ്ജന
കാംപെയ്ൻ ആഫീസർ

കോവിഡ് -19 എന്നതിന്റെ പൂർണ്ണരൂപം കൊറോണ വൈറസ് ഡിസീസ് -2019. ലോകാരോഗ്യ സംഘടനയാണ് കോവിഡ്-19 എന്ന പേര് നൽകിയത്. കോവിഡ്-19 ആദ്യമായി റിപ്പോർട്ട് ചെയ്തത് ചൈനയിലെ വുഹാൻ എന്ന സ്ഥലത്താണ്. കോവിഡ് വൈറസ് പ്രധാനമായി ബാധിക്കുന്ന അവയവം ശ്വാസകോശമാണ്. കൊറോണ വൈറസ് മൂലം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മറ്റ് രോഗങ്ങൾ മെർസ്, സാർസ് എന്നിവയാണ്.

**കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആയുർവേദ ചികിത്സാ സംവിധാനങ്ങളെ ബന്ധിച്ചുകൊണ്ട് കേരള സർക്കാർ ആരംഭിക്കുന്ന ഓൺലൈൻ പോർട്ടലാണ് – നിരാമയ. കോവിഡ് ബോധവൽക്കരണത്തിന് കേരള സർക്കാർ ആരംഭിച്ച കോവിഡ് ഹെൽപ് ലൈൻ– ദിശ (1056).**

## വൈറസ് പ്രതിരോധം

ശരീരത്തിന് പുറത്ത് കൊറോണ വൈറസ് 3 ദിവസം വരെ ജീവിക്കും.കോവിഡ് കാലത്ത് പരസ്പരം ചുരുങ്ങിയത് 1 മീറ്റർ അകലത്ത് നിൽക്കുന്നതാണ് സുരക്ഷിതം.

**കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് ആദരമായി സംഘടിപ്പിച്ച ആഗോള സംഗീത പരിപാടിയാണ് – വൺ വേൾഡ് ടുഗതർ അറ്റ് ഹോം.**

കൊറോണ പ്രതിരോധത്തിലെ മുന്നണി പോരാളികളായ ആരോഗ്യ പ്രവർത്തകർക്ക് ബാൽക്കണിയിൽ നിന്ന് കയ്യടിച്ച ആദ്യമായി നന്ദി രേഖപ്പെടുത്തിയ രാജ്യം-ഇറ്റലിയാണ്.

## ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

### ഓപ്പറേഷൻ സഞ്ജീവനി

മാലദ്വീപിൽ കോവിഡ് വ്യാപനം തടയാൻ ആവശ്യം മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഇന്ത്യൻ വ്യോമസേന നടത്തിയ ദൗത്യമാണ്.

### ലൈഫ് ലൈൻ ഉഡാൻ

കോവിഡ്-19 വ്യാപനം തടയുന്നതിന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മരുന്നെത്തിക്കുന്നതിനായി ഇന്ത്യൻ വ്യോമയാന മന്ത്രാലയം ആരംഭിച്ച സംരംഭം.

**കൊറോണ നിർണയ ടെസ്റ്റുകൾ**
**PCR അഥവാ പോളിമറൈസ് ചെയിൻ റിയാക്ഷൻ. NAAT അഥവാ ന്യൂക്ലിക് ആസിഡ് ആംപ്ലിഫിക്കേഷൻ ടെസ്റ്റ്.**

## വൈറസില്ലാത്ത കൊറോണ

കൊറോണ എന്ന പേരിൽ മറ്റു ചിലതും അറിയപ്പെടുന്നു. കൊറോണ എന്ന പേരിലുള്ള നഗരമുണ്ട്. കാലിഫോർണിയയിൽ സ്ഥിതി ചെയ്യുന്നു. കൊറോണ എന്ന ലാറ്റിൻ പദത്തിന്റെ

**ലോക് ഡൗൺ കാലത്ത് എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കാൻ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച സംസ്ഥാനം കേരളം ആണ്.**







**ഓപ്പറേഷൻ നമസ്തേ**
**കോവിഡിനെ നേരിടാൻ രാജ്യത്തുടനീളമായി ഇന്ത്യൻ കരസേന ആരംഭിച്ച ദൗത്യം.**



**മനുഷ്യരിൽ നിന്ന് കോവിഡ്–19 വൈറസ് ബാധ സ്ഥിരീകരിച്ച ആദ്യ മൃഗം കടുവയാണ്.**

അർത്ഥം കിരീടം എന്നാണ്. കോവിഡ് വൈറസ് വ്യാപനവുമായി സാമ്യമുള്ള കഥയുമായി 2011 ൽ ഇറങ്ങിയ ഹോളിവുഡ് ചിത്രം 'ദ് കന്റാജിൻ' ആണ്. ജർമ്മൻ ഭാഷയിൽ 'കൊറോണ' എന്ന കാവ്യസമാഹാരം എഴുതപ്പെട്ടിട്ടുണ്ട് കവി പോൾ സെലാൻ ആണ് ഗ്രന്ഥകർത്താവ്.

## വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലൂടെ

ഇന്ത്യയിലെ ആദ്യത്തെ സീറോ കോവിഡ് സംസ്ഥാനം ഗോവയാണ്. ഇന്ത്യയിൽ കോറോണ ബാധയെ തുടർന്ന് മരണം സ്ഥിരീകരിച്ച ആദ്യ സംസ്ഥാനം കർണ്ണാടകയാണ്. കോവിഡ് –19 തടയുന്നതിനായി സമ്പൂർണ്ണ ലോക് ഡൗൺ പ്രഖ്യാപിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം രാജസ്ഥാൻ ആണ്. കോവിഡ് വ്യാപനം തടയുന്നതിനായി ജനങ്ങൾ ഫെയ്സ് മാസ്ക് ധരിക്കുന്നത് നിർബന്ധമാക്കിയ ആദ്യ ഇന്ത്യൻ നഗരം മുംബൈ ആണ്. കോവിഡ് സാന്നിധ്യം കണ്ടെത്തുന്നതിന് റാപ്പിഡ് ടെസ്റ്റ് തുടങ്ങിയ ആദ്യ സംസ്ഥാനം രാജസ്ഥാൻ ആണ്. കോവിഡ്–19 വൈറസ് വ്യാപനത്തിനെതിരെ പ്രവർത്തിക്കുന്ന മെഡിക്കൽ ജീവനക്കാർക്ക് 20% അധികവേതനം നൽകാൻ തീരുമാനിച്ച സംസ്ഥാനം ഗോവ ആണ്.

**ലോക്ക് ഡൗണിനെ തുടർന്ന് വീട്ടിലിരിക്കുന്ന കുട്ടികൾക്ക് സർഗ്ഗശേഷി അവതരിപ്പിക്കുന്നതിനായി കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് അക്ഷര വൃക്ഷം.**

## കൊറോണ കാലത്തെ കേരളം

ലോക് ഡൗൺ കാലത്ത് എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കാൻ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച സംസ്ഥാനം കേരളം ആണ്. ലോക് ഡൗൺ സാഹചര്യത്തിൽ പഴം പച്ചക്കറി ഓൺലൈനിലൂടെ ലഭ്യമാക്കുന്ന കേരള സർക്കാർ പദ്ധതിയാണ് ജീവനി സഞ്ജീവനി. കോവിഡിനെ നേരിടാൻ 60 വയസ്സിനു മേൽ പ്രായമുള്ളവരുടെ രോഗ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച ആയുർവേദ ചികിൽസാ പദ്ധതിയാണ് സുഖായുഷ്യം. ലോക്ഡൗൺ സാഹചര്യത്തിൽ ജനങ്ങൾക്ക് ലഘു വ്യായാമം ചെയ്യുന്നതിനായി കേരള സർക്കാർ മാധ്യമങ്ങളുടെ സഹായത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്വാസ്ഥ്യം. ●

# കൊറോണയും വേർപാടുകളും



കോവിഡിനെക്കുറിച്ച് ആദ്യം മുന്നറിയിപ്പു നൽകിയ, പിന്നീട് അന്തരിച്ച ചൈനീസ് ഡോക്ടർ – ***ഡോ. ലി വെൻ ലിയാങ്.***



കോവിഡ് മൂലം രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽ മനം നൊന്ത് ആത്മഹത്യ ചെയ്ത ജർമ്മൻ മന്ത്രി – ***തോമസ് ഷെഫർ.***



കോവിഡ് ബാധിച്ച് മരിച്ച സാക്സോഫോൺ ഇതിഹാസം – ***മനു ഡിബാങ്കോ***



കോവിഡ് ബാധിച്ച് അന്തരിച്ച ലീഡ്സ് യുണൈറ്റഡ് ക്ലബിന്റെ ഇതിഹാസ ഫുട്ബോൾ താരം – ***നോർമൻ ഹണ്ടർ.***



കൊറോണ ബാധിച്ച് മരിച്ച ഗ്രാമി പുരസ്കാര ജേതാവ് – ***ജോയ് ഡിഫി. (യു.എസ്)***



കോവിഡ് ബാധിച്ച് മരിച്ച ബീറ്റിൽസിന്റെ ഭാഗമായിട്ടുള്ള ലോക പ്രശസ്ത സംഗീതജ്ഞൻ– ***സൈ ടക്കർ.***



കോവിഡ് മൂലം ദക്ഷിണാഫ്രിക്കയിൽ അന്തരിച്ച ഇന്ത്യൻ വംശജയായ പ്രശസ്ത വൈറോളജിസ്റ്റ്– ***ഗീത റാംജി.***



കോവിഡ് ബാധിച്ച് അന്തരിച്ച ലിബിയയുടെ മുൻ പ്രധാനമന്ത്രി– ***മഹമ്മൂദ് ജിബ്രിൽ.***



# അടുക്കള വഴി

വിഭു പിരപ്പൻകോട്

എന്റെയടുക്കളക്കോണിലാരും
വെട്ടാത്തൊരു വഴിയുണ്ടായിരുന്നു.,
ഏറെയാരും നടന്നില്ലെങ്കിലും
മണ്ണിലൂടെ നടന്നതിനാൽ
മനസ്സോളം നീണ്ടയൊരു വഴി.,
അതിലൂടെയാണമ്മയും അപ്പുറത്തുമ്മയും
കണ്ണിമാങ്ങയും ഉപ്പിനു കണ്ണീരും പകുത്തത്.
വിരൽത്തണുപ്പ് ചുണ്ടഗ്നിയിലാളുമെന്നും
പാടലനിറത്തിനു പാടത്തളിത്തളിർ ഗന്ധമെന്നറിഞ്ഞതുമീവഴിയിൽ.
അരപ്പുപെട്ടിയുമരകല്ലും ചുമന്നൊരാടിയറുതിയാണാവഴിയവസാനം പോയത്.
അതിരുതീർത്തു മതിലു കെട്ടാൻ
പാഴ്മരങ്ങൾ വെട്ടിയവരറിയാതെ
ചുടലത്തെങ്ങിന്റെ വേര് മീസാൻകല്ലിനെ തൊട്ട്
കഥ പറഞ്ഞിരുന്നു...



പ്രശസ്ത കവിയും ഭാഷാപണ്ഡിതനും അധ്യാപകനും രാഷ്ട്രീയ മീമാംസകനും ആയിരുന്ന പ്രൊഫ. പുതുശ്ശേരി രാമചന്ദ്രൻ മാർച്ച് 14 ന് അന്തരിച്ചു. അദ്ദേഹത്തെ കുറിച്ചുള്ള ഓർമകളിലേക്ക്...

# ആർക്കും കിട്ടാത്ത ഒരച്ഛൻ

ഗീത പുതുശ്ശേരി

ഓ ഓർമ്മകളിൽ നിറയുന്നത് അങ്ങേയറ്റം സ്നേഹസമ്പന്നനായ ഒരച്ഛനാണ്. മറ്റാർക്കും പറയാനില്ലാത്ത അത്രമാത്രം ഞങ്ങളെ സ്നേഹിച്ച ഒരു അച്ഛൻ. എപ്പോഴും വായനയും എഴുത്തുമാണ്. എന്നാൽ അതിനിടയിലും ഞങ്ങളുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കാൻ അച്ഛൻ പ്രത്യേക നിഷ്കർഷ പുലർത്തിയിരുന്നു.

നല്ലപോലെ പഠിക്കുന്ന ശിഷ്യൻമാരെ ഒരുപാട് ഉള്ളിലേറ്റിയ ഒരധ്യാപകൻ കൂടിയായിരുന്നു. അതുകൊണ്ടാവാം സ്നേഹമുള്ള ശിഷ്യൻമാർ ധാരാളം പേർ ഉണ്ടായിരുന്നു. മലങ്കര കാതോലിക്ക സഭ ബിഷപ്പ് മാർ ഐറേനിയസ് സാമുവൽ കാട്ടുക

ല്ലിൽ അച്ഛന്റെ പ്രിയശിഷ്യരിലൊരാളാണ്.

കുട്ടിക്കാലത്ത് എല്ലാ മാസവും ഞങ്ങളെ സിനിമ കാണിക്കാൻ കൊണ്ടുപോകുമായിരുന്നു. ഒപ്പം ഹോട്ടലിൽ നിന്ന് രുചികരമായ ഭക്ഷണവും വാങ്ങിത്തരാറുണ്ടായിരുന്നു. വെക്കേഷനായാലോ ഞങ്ങളെ എല്ലാവരെയും ഐസ്ക്രീം പാർലറിൽ കൊണ്ടുപോകും എത്ര തിരക്കുകളുണ്ടായാലും ഇതിനൊക്കെ അച്ഛൻ സമയം കണ്ടെത്തി. ഈ ഒരു പരിഗണന അച്ഛൻ മക്കൾക്ക് മാത്രമല്ല ഞങ്ങളുടെ വീട്ടിൽ വരാറുള്ള ബന്ധുക്കളോടും കാണിച്ചിരുന്നു.

ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ അച്ഛനും അമ്മയുമൊക്കെ ഇല്ലാതാവുക എന്നത് എല്ലാവരുടെയും ജീവിതത്തിലെ യാഥാർത്ഥ്യമാണ്. പക്ഷെ അത് സ്വന്തം ജീവിതത്തിൽ സംഭവിക്കുമ്പോൾ മനസ്സ് പെട്ടെന്ന് അംഗീകരിക്കുകയില്ല. ഞാൻ ജീവിതം ക്രമപ്പെടുത്തിയത് തന്നെ അച്ഛന്റെ ജീവിതചര്യകളുമായി ഇണങ്ങിയായിരുന്നു.അതുകൊണ്ടു കൂടിയാവാം അച്ഛനില്ലാത്ത അവസ്ഥ വല്ലാത്തൊരു ശൂന്യതയാണ് ജീവിതത്തിൽ നിറയ്ക്കുന്നത്.

അച്ഛനെ കണ്ടു പഠിക്കാൻ ഒരു കാര്യമുണ്ടായിരുന്നു. എപ്പോഴും എഴുത്തും വായനയും. ചിലപ്പോൾ രാത്രി 2 മണിക്കും ഇരുന്ന് എഴുതുന്നത് കാണാം. മലയാള ഭാഷയുടെ ശ്രേഷ്ഠഭാഷാ പദവിക്കു വേണ്ടിയൊക്കെ ഒത്തിരി പ്രയത്നിച്ചു. പലരും ചോദിച്ച് കേട്ടിട്ടുണ്ട്, സാറിന് അർഹിക്കുന്നത്ര അവാർഡുകളും അംഗീകാരവും കിട്ടുന്നില്ലല്ലോ എന്ന്! അപ്പോൾ അച്ഛൻ ചിരിക്കും. അതിന്റെയൊന്നും പിറകെ പോകാൻ എനിക്കു താൽപര്യമില്ല, സമയവുമില്ല. ഞാനെന്റെ ഭാഷയ്ക്കു വേണ്ടി പ്രയത്നിക്കുന്നു. അത് എന്റെ കാലശേഷം എല്ലാവരും അറിഞ്ഞുകൊള്ളും എന്നായിരുന്നു ആ ചിരിയുടെ അനുവർത്തിതമായ ഭാഷ്യം. ഭാഷയെയും മക്കളെയും ഒരേപോലെ സ്നേഹിച്ച മഹാനായ വ്യക്തി!

അച്ഛന് ചില സ്വഭാവ സവിശേഷതകൾ ഉണ്ടായിരുന്നു. അച്ഛൻ ചെയ്യുന്ന കാര്യത്തിൽ മറ്റാരും ഇടപെടുന്നത് അച്ഛന് ഇഷ്ടമില്ല. സ്വന്തമായി ചെയ്യുന്നതാണ് താൽപര്യം. അമ്മ അതിനൊപ്പം നിൽക്കുമായിരുന്നതുകൊണ്ട് കുറേയൊക്കെ കാര്യങ്ങൾ സ്വന്തം കാഴ്ചപ്പാടനുസരിച്ച് ചെയ്യാൻ അച്ഛന് സാധിച്ചിട്ടുണ്ട്.

എവിടെയെങ്കിലും മീറ്റിംഗിനു പോയിട്ടു വരുമ്പോൾ കൂടെയുള്ള ഡ്രൈവറിന് ആഹാരം വാങ്ങി കൊടുക്കാൻ ഹോട്ടലിൽ കയറും. അവിടെ ചെല്ലുമ്പോൾ അച്ഛൻ ഞങ്ങളെ വിളിക്കും; എന്താണ് വേണ്ടതെന്ന് വാത്സല്യത്തോടെ ആരായും. ഒന്നും വേണ്ടാ എന്ന് പറഞ്ഞാലും ഒരു പൊതിയുമായല്ലാതെ അച്ഛൻ വീട്ടിലേക്ക് വരാറില്ല. ഇന്ന് ആ ഹോട്ടലുകളുടെ മുന്നിലൂടെ പോകുമ്പോൾ അറിയാതെ കണ്ണ് നിറഞ്ഞു പോകും. ആ വാത്സല്യം ഇനിയില്ലല്ലോ എന്നോർത്ത്.

അച്ഛന് എന്തെങ്കിലുമൊക്കെ സാഹിത്യ ലോകത്ത് ചെയ്യാൻ പറ്റിയതിന് പിന്നിൽ ഒരു ശക്തി ഉണ്ട്. എന്റെ അമ്മ! വീട്ടിലെ കാര്യങ്ങളൊക്കെ അമ്മ ഭംഗിയായി ഉത്തരവാദിത്തത്തോടെ നടത്തിയതുകൊണ്ടു കൂടിയാണ് അച്ഛന് സാഹിത്യ പ്രവർത്തനവും സാംസ്കാരിക പ്രവർത്തനവുമൊക്കെ നടത്താനായത്.

അമ്മയുടെ മരണത്തോടെ അച്ഛൻ ആകെ തളർന്നു. അതിനു ശേഷം അച്ഛനെ വല്ലാത്തൊരു ക്ഷീണം ബാധിച്ചു തുടങ്ങി. അമ്മയില്ലാത്തതിന്റെ വിഷമം വല്ലാതെ തളർത്തിയിരുന്നെങ്കിലും ഒരു കാര്യത്തിലും അച്ഛൻ ഞങ്ങളോട് ഒരു ശാഠ്യവും നിർബന്ധ ബുദ്ധിയും കാണിച്ചിരുന്നില്ല. വളരെ പോസിറ്റീവായിരുന്നു. ഇത്രയും ക്ഷമയും സ്നേഹവും അച്ഛനിൽ അല്ലാതെ മറ്റാരിലും ഞാൻ കണ്ടിട്ടുമില്ല.

കുറച്ചു കാര്യങ്ങൾ കൂടി ബാക്കി നിർത്തികൊണ്ടാണ് അച്ഛൻ പോയത്. അതിനി ബാക്കി തീർക്കാനുണ്ട്. അച്ഛന്റെ കവിതകളെക്കുറിച്ച് പറയുമ്പോൾ ധാരാളം നല്ല കവിതകളുണ്ട്. ദൃശ്യവൽക്കരിക്കാൻ പാകത്തിനുള്ള കവിതകളുമുണ്ട്. അതൊക്കെ സഹൃദയർക്കു വേണ്ടി ഒരുക്കുക എന്നതാണ് ഇനി എന്റെ അച്ഛനുവേണ്ടി എനിക്കു ചെയ്യാനാവുക.●

ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ മകളും റിട്ട. പ്രൊഫസറുമാണ് ലേഖിക



ഡോ. പുതുശ്ശേരി രാമചന്ദ്രൻ ഗ്രാമഭൂമിയ്ക്ക് നൽകിയ കവിത പുനർവായനയ്ക്കായി

# മഷിത്തുള്ളികൾ

ചരിത്രത്താളിൽ വീണ
മഷിത്തുള്ളികൾ, നമ്മൾ
ചരിത്രമെഴുതേണ്ടും
മഷിത്തുള്ളികളത്രേ!

ചിലതു വെള്ളത്താളിൽ
നീളവേ പടരുന്നൂ:
ചിലതു കുത്തിക്കെട്ടി-
ന്നുള്ളിലായ് മറയുന്നൂ

ചിലതു കനകാക്ഷര-
ങ്ങളായ് തിളങ്ങുന്നൂ
ചിലതു കറുകറു-
ത്തങ്ങനെ കിടക്കുന്നു.

കണ്ണിലെക്കരടായി,
വായിക്കാൻ മേലാതായീ
പിന്നെയുമൊരു വക
കിടപ്പൂ പുറന്താളിൽ



# അതിജീവനത്തിന്റെ കൃഷിപാഠം

എഴുത്ത്, ചിത്രങ്ങൾ
വിൻസന്റ് പീറ്റർ

ആശങ്കയുടെയും ഭയത്തിന്റെയും അൻപത്തിരണ്ട് ദിവസങ്ങൾ അടച്ചിടപ്പെട്ട മനുഷ്യർ അതിജീവനത്തിന് തേടിയ വഴികൾ വ്യത്യസ്തങ്ങളാണ്. ധാരാളമാളുകൾ കൃഷിയിലേക്ക് തിരിഞ്ഞു എന്നത് അഭിമാനകരമാണ്. സർക്കാർ ഉദ്യോഗത്തിനിടയിൽ മട്ടുപ്പാവുകൃഷിയിൽ പുതുപരീക്ഷണങ്ങൾ കണ്ടെത്തി വിജയിച്ച ഷോളി ദേവസ്യ, ലോക് ഡൗൺ കാലം കൃഷി വികസിപ്പിക്കലിന്റെ കാലമാക്കി മാറ്റുകയായിരുന്നു. കണ്ണൂർ ജില്ലാ ഖാദി ബോർഡ് സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറായ ഷോളി കണ്ണൂർ നഗരത്തിലെ ഗവൺമെന്റ് ഇറിഗേഷൻ ക്വാർട്ടേഴ്സിലാണ് താമസിക്കുന്നത്. ക്വാർട്ടേഴ്സിന്റെ ടെറസിൽ ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി വിജയകരമായി നടത്താൻ കുറഞ്ഞ അളവിൽ മാത്രം മണ്ണ് ഉപയോഗിക്കുന്ന രീതിയാണ് അവലംബിച്ചത്. ഗ്രോബാഗിന്റെഏറ്റവും അടിയിൽ കടലാസുകളടുക്കി ചകിരിയും ചാണകപ്പൊടിയും നിറയ്ക്കുന്നു. അതിന് മുകളിൽ അല്പം മാത്രം മണ്ണും നിറച്ചാണ് കൃഷിക്കായി ഗ്രോബാഗ് തയ്യാറാക്കുന്നത്. ടെറസിൽ ആവശ്യത്തിന് സൂര്യപ്രകാശവും വെയിലും ലഭിക്കുന്നതിനാൽ ചെടികൾ പെട്ടന്നു തന്നെ കരുത്തോടെ വളരും. വിത്തുകൾ പാകി മുളപ്പിക്കുന്നതിനും ജൈവ രീതിയാണ് ഷോളി അവലംബിക്കുന്നത്. മുട്ടത്തോടിൽ ചാണകപ്പൊടി നിറച്ച് വിത്തിട്ട് ആവശ്യത്തിന് വെള്ളം സ്പ്രേ ചെയ്തു കൊടുക്കുന്നു. രണ്ട് മൂന്ന് ദിവസങ്ങൾ കൊണ്ട് കിളിർക്കുന്ന ചെടികൾ മുട്ടത്തോടോടൊപ്പം തന്നെ ഗ്രോബാഗിൽ നടുന്നതിനാൽ പ്ലാസ്റ്റിക് ട്രേയിൽ കിളിർപ്പിച്ച് പറിച്ച് നടക്കുമ്പോൾ തൈകൾക്ക് പരിക്ക് പറ്റുന്നത് ഒഴിവാക്കാനാവും. അതോടൊപ്പം പ്ലാസ്റ്റിക് ഒഴിവാക്കാനാവുമെന്ന മെച്ചവുമുണ്ട്. വൈകുന്നേരം ഓഫീസിൽ നിന്ന് വന്നതിന് ശേഷവും രാവിലെയുമാണ് ഷോളി കൃഷിക്കായി സമയം കണ്ടെത്തുന്നത്. മാധ്യമ പ്രവർത്തകനായ ഭർത്താവ് ബിനോയ്പ്രസാദിന്റെയും ഏകമകൾ ക്രിസ്റ്റയുടെയും സഹായത്തോടെയാണ് ഇവർ ടെറസിൽ നൂറ് മേനി വിളയിച്ചത്. ലോക് ഡൗൺ കാലത്ത് കൂടുതൽ സമയം ലഭിച്ചതിനാൽ ഇപ്പോൾ ക്വാർട്ടേഴ്സിന്റെ പരിസരമാകെ കപ്പയും ചേനയും ചേമ്പും കാച്ചിലും വാഴയും കൂടി നട്ട് കൃഷി ടെറസിൽ നിന്നും പറമ്പിലേക്ക് വ്യാപിപ്പിച്ചിരിക്കുകയാണിവർ. നഗരത്തിന്റെ മദ്ധ്യത്തിലും മനസു വച്ചാൽ കൃഷിയിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനാവുമെന്ന പാഠമാണ് ലോക് ഡൗൺ കാലത്ത് ഈ കുടുംബം നമ്മെ പഠിപ്പിക്കുന്നത്.

ചെറുപ്പം മുതൽ മാതാപിതാക്കൾക്കൊപ്പം മണ്ണിലിറങ്ങി കൃഷിയിലേർപ്പെട്ടതിന്റെ ഓർമകളും അനുഭവങ്ങളുമാണ് സർക്കാർ ഉദ്യോഗത്തിന്റെ തിരക്കുകൾക്കിടയിലും ഷോളിക്ക് പ്രചോദനം. പാവൽ, കോവൽ, വിവി



**വൈകുന്നേരം ഓഫീസിൽ നിന്ന് വന്നതിന് ശേഷവും രാവിലെയുമാണ് ഷോളി കൃഷിക്കായി സമയം കണ്ടെത്തുന്നത്. മാധ്യമ പ്രവർത്തകനായ ഭർത്താവ് ബിനോയ്പ്രസാദിന്റെയും ഏകമകൾ ക്രിസ്റ്റയുടെയും സഹായത്തോടെയാണ് ഇവർ ടെറസിൽ നൂറ് മേനി വിളയിച്ചത്.**







ധയിനം ചീരകൾ, മത്തൻ, കുമ്പളം, വെണ്ട, കാന്താരി, പച്ചമുളക്, വെള്ളരി, പൊട്ടിക്ക, പയർ, ചുരയ്ക്ക, വഴുതിന, നിത്യവഴുതിന, ചീരച്ചേമ്പ്, കറിവേപ്പ്, വഷളച്ചീര, ചായ മാൻസ, കുപ്പച്ചീര, ആഫ്രിക്കൻ മല്ലി, വാഴ, മുരിങ്ങ തുടങ്ങിയ പച്ചക്കറികളും തുളസി, പനിക്കൂർക്ക, കറ്റാർവാഴ തുടങ്ങിയ ഔഷധസസ്യങ്ങളും ടെറസിൽ തഴച്ച് വളരുന്ന കാഴ്ച അനുകരണീയമായ കാർഷിക മാതൃകയാണ്.

വൈകുന്നേരങ്ങളിലാണ് നനയ്ക്കലും വളപ്രയോഗവും കീടനാശിനി പ്രയോഗവുമൊക്കെ. ഒരേ ഗ്രോബാഗിൽത്തന്നെ വെണ്ട, ചീര, പയർ തുടങ്ങി മൂന്നോ നാലോ വ്യത്യസ്തയിനം ചെടികൾ നടുന്നതിനാൽ ഓരോന്നും നല്ല വിളവ് തരുന്നതോടൊപ്പം ചുരുങ്ങിയ സ്ഥലത്ത് നിന്ന് വ്യത്യസ്തയിനം പച്ചക്കറികൾ ഉറപ്പാക്കാനുമാവും.

കടലപ്പിണ്ണാക്കും പച്ചചാണകവും ചേർത്ത് പുളിപ്പിച്ച മിശ്രിതം മൂന്ന് ദിവസത്തിലൊരിക്കൽ ചെടികൾക്ക് ഒഴിച്ച് കൊടുക്കുന്നു. കൂടാതെ ആഴ്ചയിലൊരിക്കൽ വേപ്പിൻ പിണ്ണാക്കും ചാണകപ്പൊടിയും വളമായി നൽകുന്നു. കീടങ്ങളെ അകറ്റാൻ വെളുത്തുള്ളി നീരിൽ മഞ്ഞൾപ്പൊടി കലക്കി ചെടികളിൽ തളിക്കുന്നു. അതോടൊപ്പം വെജിറ്റബിൾ ഫ്ളൈ ട്രാപ്പും ഉപയോഗിക്കുന്നു. ഈ ലോക് ഡൗൺ കാലമുൾപ്പെടെ കുറേ നാളുകളായി ഉള്ളിയും ഉരുളക്കിഴങ്ങുമല്ലാത്ത പച്ചക്കറികളൊന്നും ഇവർ പുറത്തു നിന്ന് വാങ്ങിയിട്ടില്ല. ആരോഗ്യമുള്ള സന്തോഷകരമായ ജീവിതത്തിന് കൃഷി വളരെയേറെ സഹായകരമാകുമെന്ന് അനുഭവിച്ചറിഞ്ഞ ഷോളി സ്വന്തമായി കൃഷി സ്ഥലമില്ലാത്തവർക്കും കർഷകരല്ലാത്തവർക്കുമൊക്കെ അനുവർത്തിക്കാവുന്ന ഒരു ജീവിതരീതിയായി ടെറസിലെ കൃഷി മാറ്റാനാവുമെന്ന് അഭിപ്രായപ്പെടുന്നു.

കോവിഡ് 19 ന്റെ അടച്ചിടൽ നൽകുന്ന വിരസതയകറ്റാനും അലസത മറികടക്കാനും നമുക്കു മുന്നിലുള്ള ഏറ്റവും നല്ല മാർഗമായി കൃഷിയെ പരിഗണിക്കണമെന്നാണ് ഈ വീട്ടമ്മയുടെ ആഗഹം.കോവിഡിന് ശേഷം ലോകം ഭക്ഷ്യക്ഷാമത്തെ അഭിമുഖീകരിക്കേണ്ടി വരുമെന്ന ലോകാരോഗ്യ സംഘടനയുടെ നിരീക്ഷണവും കേരളീയർ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്കെത്തേണ്ടതിന്റെ ആവശ്യകത ആർത്തിച്ചുകൊണ്ടിരിക്കുന്ന കേരള മുഖ്യമന്ത്രിയും നമ്മെ ഓർമിപ്പിക്കുന്നത് കൃഷിയുടെ അനിവാര്യത തന്നെയാണ്. അത് എത്ര വലിയ തോതിലുള്ളതോ ചെറിയ തോതിലുള്ളതോ ആയിക്കോട്ടെ, അവനവന് ആവും വിധം കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനുള്ള ശ്രമത്തിൽ പങ്കാളികളാകാനുള്ള ധാർമികമായ ഉത്തരവാദിത്തം ഭക്ഷണം കഴിക്കുന്ന എല്ലാ പൗരൻമാർക്കുമുണ്ടെന്നാണ് ഈ കർഷക അഭിപ്രായപ്പെടുന്നത്.

റിട്ടയർമെൻറിന് ശേഷം മുഴുവൻ സമയവും കാർഷികവൃത്തിക്കായി നീക്കിവയ്ക്കണമെന്ന് ആഗ്രഹിക്കുന്നതോടൊപ്പം കുട്ടികളെ കൃഷിയിലേക്ക് കൂടുതൽ അടുപ്പിക്കും വിധം കൃഷി അഭിമാനകരമായ തൊഴിലായി സ്വീകരിക്കാൻ അവരെ പ്രാപ്തരാക്കും വിധം നമ്മുടെ പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റം കൊണ്ടുവരണമെന്നും അഭിപ്രായപ്പെടുന്നു. ഔദ്യോഗിക ജീവിതത്തിലെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കാനും ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതത്തിനും ഉത്തമമായ ഔഷധമെന്ന നിലയിൽ കൃഷി ജീവിതത്തിന്റെ ഭാഗമാക്കാൻ സർക്കാർ ജീവനക്കാരും സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്നവരും വീട്ടമ്മമാരും വിദ്യാർത്ഥികളും യുവതികളും യുവാക്കളുമൊക്കെ തയ്യാറാകേണ്ടുന്ന ഒരു കാലമാണിതെന്ന് ഈ കർഷക നമ്മെ ഓർമപ്പെടുത്തുന്നു.

കേരളത്തിലങ്ങോളമിങ്ങോളം തരിശായിക്കിടക്കുന്ന സർക്കാർ ഭൂമി ഹ്രസ്വകാല വിളകൾ കൃഷി ചെയ്യാൻ ഉപയുക്തമാക്കാമെന്ന സന്ദേശവും ഷോളിയുടെയും ബിനോയ് പ്രസാദിന്റെയും ഈ കാർഷിക ശ്രമത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്.●

ആര്യനാട് സത്യൻ

# മലയാളി മനസ്സിന് എന്തുപറ്റി?

മലയാളി മനസ്സിന് എന്തു പറ്റി എന്നു ചോദിച്ച് മലയാളിയല്ലാത്ത മനുഷ്യർ മൂക്കത്തു വിരൽ വയ്ക്കുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടോ? ഉണ്ടെന്ന കാര്യത്തിൽ മലയാളിക്കും ഭിന്നാഭിപ്രായമില്ല. കാരണം ചുറ്റുപാടും അത്ര മേൽ ചീഞ്ഞുനാറുന്നുണ്ട്. നാറുന്ന മണ്ണ്, നാറുന്ന വെള്ളം, നാറുന്ന വായു അങ്ങനെ പോകുന്നു ചീഞ്ഞു നാറ്റം. ഇനി സദാചാര ഭൂപടത്തിലേക്കു നോക്കിയാലോ? ബാലപീഡനം മുതൽ പ്രേതപീഡനം വരെ. ഒളിച്ചോട്ടവും ആത്മഹത്യയും തകൃതി. നിയമലംഘനം നിത്യസംഭവം. നീതിന്യായക്കാർ തമ്മിലടി. ഇവയൊക്കെ നിയന്ത്രണരേഖയ്ക്ക് അപ്പുറമല്ലെങ്കിലും തീവ്രപരിചരണം കിട്ടാത്തപക്ഷം പകർച്ചവ്യാധിപോലെ പടരും. ഇങ്ങനെ പോയാൽ ദൈവത്തിന്റെ സ്വന്തം നാട് എന്ന ഓമനപ്പേരിനുപകരം ചെകുത്താന്റെ സ്വന്തം നാട് എന്ന അപരനാമം അടിച്ചേൽപ്പിക്കപ്പെടും. സത്യാവസ്ഥ ഇപ്രകാരമായിരിക്കെ പഴി ആരിൽ ചാരണമെന്ന ചിന്തയിലാണ് മലയാളി. മറ്റുപാധി കാണണമെന്നതാണ് ചിന്ത. പരിപൂർണ്ണ ഉത്തരവാദിത്വം മലയാളി മനസ്സിനു തന്നെയാണ്. സ്വയം നന്നായാൽ സ്വന്തക്കാരും നന്നാകുമെന്നാണല്ലോ മൊഴിഞ്ഞുറഞ്ഞ ചൊല്ല്.

ഒരു നൂറ്റാണ്ട് പിന്നിലേയ്ക്കുപോയി മലയാളി മനസ്സിന്റെ ചിന്താനില ഒന്നന്വേഷിക്കുന്നത് ഇത്തരുണത്തിൽ ഉചിതമായിരിക്കും. അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരനുകൂടെ സുഖപ്രദമായിരിക്കണമെന്നതായിരുന്നു പൊതു ചിന്ത. എന്റെ പ്രവൃത്തികൊണ്ട് ആർക്കും ചേതമുണ്ടാകരുതെന്ന ഉന്നത ചിന്താധാര പൂത്തുലഞ്ഞു നിന്നതിനാൽ ചീഞ്ഞു നാറൽ എന്ന വിശേഷണം കേരളത്തിനു അനുയോജ്യമായില്ല. കൊടുത്താൽ കൊല്ലത്തും കിട്ടുമെന്ന് ചിന്തിച്ചുറച്ചുകൊണ്ട് കൊടുക്കാൻ പാടില്ലാത്തതൊക്കെ കൊടുക്കാതെ മാറ്റിനിർത്തി. അപ്പോഴും ചെയ്യുന്ന ഓരോ കാര്യത്തിനും പിൻബലമായി മുളച്ചു പൊന്തിയ ആപ്തവാക്യമാണ് 'ഇന്നലെ ചെയ്തോരബദ്ധം ഇന്നത്തെ ആചാരവും നാളത്തെ ശാസ്ത്രവും ആകാ'മെന്നത്. പറഞ്ഞുവരുന്നത് പരിസരം ചീഞ്ഞു നാറുന്നു എന്ന ഭൗതികാവസ്ഥയിലേക്കാണ്. ആചാരവും അബദ്ധവും ശാസ്ത്രവുമെല്ലാം കൂലംകഷമായി ചിന്തിച്ചിട്ട് പ്രവൃത്തിയെടുത്തിട്ടും നാടിന്റെ മുക്കും മൂലയും ചീഞ്ഞുനാറിക്കൊണ്ടിരിക്കുന്നു.

## കാണുന്ന കാഴ്ചകൾ

നടവഴിയിലും നടുവഴിയിലും ചവറെറിയുന്നവരും നടുമുറ്റത്ത് കാർക്കിച്ചുതുപ്പുന്നവരും നെഞ്ചുവിരിച്ചു നടക്കുന്നു. അഴുക്കുവെള്ളം പുഴകളിൽ തന്നെയല്ല കുടിവെള്ള സ്രോതസ്സുകളിലെല്ലാം കലക്കിയും ഒഴുക്കിയും വിടാൻ മടിയില്ല. ആഹാരബാക്കിയും അടുക്കള ബാക്കിയും അന്യന്റെ അകത്തളത്തിലെറിയാൻ ഉളുപ്പില്ലാത്തവർ. കണ്ണിൽ കണ്ടതൊക്കെ കത്തിച്ച് പുക പരത്തി വിഷം നിറയ്ക്കുന്നവരുടെ കൊലവിളി. മലത്തിൽ കോളിഫാം ബാക്ടീരിയയും പ്ലാസ്റ്റിക് കത്തിച്ചാൽ ഡയോക്സിൻവാതകവും



ഉണ്ടെന്നറിയാമെങ്കിലും അവയെപ്പറ്റി വേവലതിപ്പെടാൻ ആർക്കാണു മനസ്സിപ്പോൾ? ഇറച്ചിവെട്ട് തകൃതി, ഇറച്ചി വേസ്റ്റ് വഴിവക്കിൽ, ഈച്ചയ്ക്കും പൂച്ചയ്ക്കും പട്ടിക്കും ചാകര. ഇരുട്ടിയാൽ വെളുക്കുംവരെ ഉണർന്നു പ്രവർത്തിക്കുന്ന ഫാസ്റ്റ് ഫുഡ് കടകൾ. പ്ലാസ്റ്റിക്കിൽ പാഴ്സൽ വാങ്ങാൻ ആർത്തി പിടിച്ചുനിൽക്കുന്ന അക്കനണ്ണൻമാർ, ഓസിനു കിട്ടിയാൽ ആസിഡും കുടിക്കുന്നവർ, ആവശ്യത്തിനും അത്യാവശ്യത്തിനും വാങ്ങി ചവറ് കൂട്ടുന്ന അക്കൂട്ടരുടെ കൈയ്യിൽ 'use and throw' സംസ്കാരം safe. ഇങ്ങനൊയൊക്കെ ചെയ്യുന്ന മാന്യശിരോമണികൾ ദിനംപ്രതി മൂന്നുവട്ടം കുളിക്കും. രണ്ടുവട്ടം പല്ലുതേയ്ക്കും. ഉണ്ണാനും ഉണ്ടിട്ടും സോപ്പിട്ട് കൈകഴുകും. ലക്ഷം മുടക്കി കക്കൂസ് കെട്ടും. സെന്റും വാസന ദ്രവ്യങ്ങളുംകൊണ്ട് തുണിയും ദേഹവും മണപ്പിക്കും. ഹെന്റമ്മോ ആളും വീടും കണ്ടാലെന്തൊരു ചന്തം. മലയാളി മനസ്സിനെന്തൊരു പെരുമ !





### അറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന മട്ട്

ഓരോ മലയാളിയും ഉളുപ്പില്ലാതെ ചോദിക്കുന്നൊരു ചോദ്യമുണ്ട്. 'നിനക്കുവന്നാൽ എനിക്കെന്ത്?' കേരളത്തിൽ കിണറും കക്കൂസും തമ്മിൽ 15 മീറ്ററെങ്കിലും അകലമുണ്ടായിരിക്കണമെന്ന വ്യവസ്ഥ ശാസ്ത്ര പിൻബലത്തോടെ സർക്കാർ വച്ച വ്യവസ്ഥ. കക്കൂസ് മാലിന്യങ്ങൾ മണ്ണിനടിയിലൂടെ പതിനഞ്ചുമീറ്ററെങ്കിലും സഞ്ചരിച്ച് ഹാനികരമല്ലാതാകുന്നതിനു വേണ്ടിയുണ്ടാക്കിയ വ്യവസ്ഥ. വീടും കിണറും കക്കൂസുമൊക്കെ എണ്ണം കൂടിയപ്പോൾ പതിനഞ്ചു മീറ്ററെന്നത് പത്തും അഞ്ചും രണ്ടുമൊക്കെയൊയി കുറഞ്ഞു. അങ്ങനെയുമാകാമെന്ന് നിശ്ചയിച്ചത് അധികാരമുള്ളവരുൾപ്പെടെ എല്ലാം അറിയുന്നവർ തന്നെ. ഇത് ഒരു വീട്ടിലെ കക്കൂസും കിണറും തമ്മിലുള്ള അകലക്കാര്യമാണെങ്കിൽ ഒരു വീട്ടിലെ കിണറും അടുത്ത വീട്ടിലെ കക്കൂസും തമ്മിലുള്ള അകലമാകട്ടെ മിക്കപ്പോഴും നാല് ഇഞ്ച് കനമുള്ള സിമന്റ് ബ്ലോക്ക് മതിലാണെന്നതും വിചിത്രം വിശേഷം. ആ മതിലിന്റെ അങ്ങേപ്പുറത്തും ഇങ്ങേപ്പുറത്തും ഒന്നെത്തി നോക്കിയിരുന്നെങ്കിൽ കുടിവെള്ളത്തിൽ മലമൂത്രാദികൾ കലരില്ലായിരുന്നു എന്നറിയാത്തവരാരാ ഉള്ളത്. ഞാനും എന്റെ വീടും എന്നൊതുങ്ങിക്കൂടിയ മനസിലെ മതിലുകൾ മലയാളിക്കു പാരയാകുന്നു എന്നു ധ്വനി. ഇരിക്കും കൊമ്പുമുറിച്ച് തലകുത്തി വീഴുന്നതുപോലെ അറിഞ്ഞുകൊണ്ട് അപകടം വിലയ്ക്കുവാങ്ങുമ്പോൾ പരിസരം ചീഞ്ഞുനാറാതെ പിന്നെന്തു ചെയ്യും?

### 'നിംബിയും നിംസി'യും പടരുമ്പോൾ

ശാരീരികമായി പകർച്ച വ്യാധികൾ പടർന്നുപിടിച്ച് മനുഷ്യരാശി ചത്തൊടുങ്ങിയ ദാരുണ സംഭവങ്ങൾക്ക് ചരിത്രം സാക്ഷി. നാളെ മാനസികമായി രോഗം പടർന്ന് മനുഷ്യകുലം നശിച്ചാലോ? അങ്ങനെ സംഭവിച്ചേയ്ക്കാവുന്നതിന്റെ മുന്നോടിയാണ് മലയാളിയെ ഗ്രസിച്ചിരിക്കുന്ന നിംബി (Not in My backyard syndrome) യും നിംസി (Not in My constituency syndrome) യും. നിത്യേന അടിഞ്ഞുകൂടുന്ന ഗൃഹമാലിന്യങ്ങൾ എന്റെ വീടിന്റെ പിന്നാമ്പുറത്ത് വേണ്ടെന്നും അയൽക്കാരന്റെ വീടിന്റെ പിന്നാമ്പുറത്തായിക്കോട്ടെ എന്നും പറഞ്ഞ് വലിച്ചെറിയുന്നതുമായ നാറിയ രോഗലക്ഷണമാണ് നിംബി സിൻഡ്രോം. ഒരു പ്രദേശത്തുണ്ടാക്കുന്ന മാലിന്യങ്ങൾ ആ പ്രദേശത്തു സംസ്കരിക്കുന്നതിനുപകരം അടുത്ത പ്രദേശത്ത് സംസ്കരിക്കാം എന്നു ശാഠ്യംപിടിച്ച് നിൽക്കുന്ന ജനപ്രതിനിധിയുടെ മാനസികാവസ്ഥയാണ് നിംസി സിൻഡ്രോം കൊണ്ടുദ്ദേശിക്കുന്നത്. വിളപ്പിൽശാല ചവർ ഫാക്ടറിയും പാലോട് തുടങ്ങാനിരുന്ന ചവർ സംസ്കരണ ഫാക്ടറിയും (രണ്ടും തിരുവനന്തപുരം ജില്ല) നിംസിയുടെ ഫലമാണെന്ന് വിദഗ്ദ്ധ മതം. എതിർപ്പുകളും പ്രതിഷേധങ്ങളും ഉയരുന്നതിനിടയ്ക്കും ഈ രണ്ടുവിധ മാറാവ്യാധികളും

**മാലിന്യവർദ്ധനവിന്റെ മൂലകാരണം മലയാളി മനസ്സിന്റെ പൊങ്ങച്ചവും വീണ്ടുവിചാരം ഇല്ലായ്മയുമാണ്. കണക്കു നോക്കാതെയും കണക്കു കൂട്ടലില്ലാതെയും വാങ്ങിക്കൂട്ടുന്ന മലയാളി, വാങ്ങുന്നതിന്റെ പകുതി പോലും ഉപയോഗിക്കുന്നില്ല.**



പടരുന്നതിനെ നിസ്സാരമായി കാണരുത്. എന്തുകൊണ്ടെന്നാൽ മാലിന്യം ഉണ്ടാക്കുന്നതും ചീഞ്ഞുനാറാൻ വിട്ടുകൊടുക്കുന്നതും മലയാളി മനസ്സുതന്നെ. ചവറുൽപാദനം നിയന്ത്രിക്കും വരെ നിംബിയും നിംസിയും പടർന്നുകൊണ്ടേയിരിക്കും.

## കണക്കു കേട്ടാൽ ഞെട്ടരുത്

പലതുള്ളിപെരുവെള്ളം എന്നത് പരക്കെ പതിഞ്ഞൊരു പഴഞ്ചൊല്ലാണ്. വെള്ളത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഭൂമി മലയാളത്തിലുള്ളതെന്തും ഈ ചൊല്ലിനു കീഴിലേ നിൽക്കൂ. ഇത്രയൊക്കെ ചർച്ചയാക്കാൻ മാത്രം മാലിന്യം മലയാളി ഉണ്ടാക്കുന്നുണ്ടോ? ഉണ്ടെന്നതിനുദാഹരണമായി തിരുവനന്തപുരം നഗരത്തിന്റെ കാര്യം തന്നെ എടുക്കാം. പ്രതിദിനം തലസ്ഥാന നഗരം പുറന്തള്ളുന്നത് 350 ടണ്ണിലധികം മാലിന്യം! ഞെട്ടിയിട്ടുകാര്യമില്ല. ഇനം തിരിച്ച് കണക്കെടുത്താൽ ഇങ്ങനെ ഇരിക്കും. ജൈവമാലിന്യം 253 ടൺ. പേപ്പർ 26 ടൺ, പ്ലാസ്റ്റിക് വസ്തുക്കൾ 18 ടൺ, ഗ്ലാസ് ഇനം 5 ടൺ, മെറ്റൽ 4.5 ടൺ റബ്ബറും ലതറും 6 ടൺ, തുണിയുൾപ്പെടെയുള്ള ഗൃഹമാലിന്യം 26 ടൺ, സാനിറ്ററി മാലിന്യം 15 ടൺ, ഉൾപ്പെടെ കൃത്യമായി പറഞ്ഞാൽ 353.5 ടൺ! മലയാളി മനപൂർവ്വം വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് കവറുകൾ മുതൽ ഭക്ഷണാവശിഷ്ടം വരെ ഇതിൽ ഉൾപ്പെടുമെന്ന് നഗരസഭ സമ്മതിക്കുന്നു. ഇതിൽ സിംഹഭാഗവും ജീവിതശൈലിയും മനസ്സുമാറ്റവും മൂലം ഒഴിവാക്കാവുന്നതാണ്. യഥാവിധി കൈകാര്യം ചെയ്താൽ അധികവും പണമാക്കി മാറ്റാവുന്നതാണന്നത് കുറഞ്ഞ തോതിലെങ്കിലും തെളിയിക്കാൻ ആക്രിക്കച്ചവടക്കാരിലൂടെ കഴിഞ്ഞിട്ടുണ്ട്. തലസ്ഥാനനഗരത്തിന്റെ മാലിന്യകണക്കുപോലെ തന്നെ ചില്ലറ ഏറ്റക്കുറച്ചിലോടെയാണ് ഇതര നഗരങ്ങളും ഗ്രാമങ്ങളും, ഭൂപ്രകൃതിയുടെ സവിശേഷതയും ഭൂവിസ്തൃതിയുടെ പരിമിതിയും മാലിന്യ സംസ്കരണവും പരിപാലനവും വിഷമകരമാക്കി തീർക്കുന്നുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. അപ്പോൾ പിന്നെ അവയുടെ ഉൽപാദനത്തോത് കുറയ്ക്കുക എന്നതാണ് ഫലപ്രദമായ മാർഗ്ഗം.

## എന്തുകൊണ്ട് ഇത്രയധികം മാലിന്യം

മാലിന്യവർദ്ധനവിന്റെ മൂലകാരണം മലയാളി മനസ്സിന്റെ പൊങ്ങച്ചവും വീണ്ടുവിചാരം ഇല്ലായ്മയുമാണ്. കണക്കു നോക്കാതെയും കണക്കു കൂട്ടില്ലാതെയും വാങ്ങിക്കൂട്ടുന്ന മലയാളി, വാങ്ങുന്നതിന്റെ പകുതി പോലും ഉപയോഗിക്കുന്നില്ല. ഭക്ഷണകാര്യത്തിൽ അഞ്ചുപേർക്ക് എത്ര ഭക്ഷണം വേണമെന്നറിയാത്ത വീട്ടമ്മ. വീട്ടിൽ തയ്യാറാക്കുമ്പോഴും പാഴ്സൽ ഭക്ഷണം വാങ്ങാനാണിഷ്ടം. ഒരു പൊതി ഭക്ഷണം വാങ്ങുമ്പോൾ ഒൻപത് അപകടകാരികളായ പ്ലാസ്റ്റിക് കവറുകളാണ് വീട്ടിലെത്തുന്നത്. വച്ച ഭക്ഷണവും വാങ്ങിയ ഭക്ഷണവും പകുതി പോലും ഉപയോഗിക്കാതെ വലിച്ചെറിയുന്നു; കഴിവതും അടുത്ത പറമ്പിലേക്കോ പൊതുവഴിയിലേക്കോ. വസ്ത്രത്തിന്റെ കാര്യമെടുത്താലും അവസ്ഥ ഇതുതന്നെ. ഒരു സാരി ആവശ്യമുള്ളപ്പോൾ (ഷർട്ടുമാകാം) ഒന്നെടുത്താൽ രണ്ടു ഫ്രീയുള്ള കട തേടി പോകും. കഴുകിയും തുന്നിയും ഉപയോഗിക്കുന്ന ശീലമില്ല. പിന്നെ പഴന്തുണി കത്തിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്യാതെ വഴിയില്ല. ആഹാരവും വസ്ത്രവുംപോലെ പാർപ്പിടകാര്യത്തിലും അശ്രദ്ധമൂലം മാലിന്യം വർദ്ധിക്കുന്നു. വീടുകളുടെ മോടിയും സൗകര്യവും വർദ്ധിപ്പിക്കുമ്പോൾ മറ്റ് അനാവശ്യ വസ്തുക്കൾക്കൊപ്പം ഇ-മാലിന്യങ്ങളും അപകടകരമാവിധം കൂടിക്കൊണ്ടിരിക്കുന്നു. എന്തിനേറെ ഉപ്പു തൊട്ടു കർപ്പൂരം വരെ മാലിന്യമാകുന്ന തരത്തിലാണോ മലയാളിയുടെ വീടുകളും ചിന്തകളും പെരുമാറ്റങ്ങളും. ഇനി പുറത്തേക്കിറങ്ങിയാലോ ആഫീസുകൾ, ഹോട്ടലുകൾ, ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ, വിനോദശാലകൾ, വിനോദ വിജ്ഞാന കേന്ദ്രങ്ങൾ, ജലസ്രോതസ്സുകൾ, കാവുകൾ, കാടുകൾ, പൊതുനിരത്തുകൾ, കെട്ടിട നിർമ്മാണസ്ഥലങ്ങൾ, ഫാക്ടറികൾ തുടങ്ങി കണ്ണിൽ കാണാവുന്നതും കാണാനാവാത്തതുമായ എവിടെയും മാലിന്യം, മാലിന്യം, മാലിന്യം തന്നെ. ക്യാമറക്കണ്ണുകൾ സദാ തുറന്നിരുന്നിട്ടും ഉത്തരവാദികളെ കണ്ടെത്താൻ കഴിയുന്നില്ലെന്നതു വിചിത്രം തന്നെ.

## പണി പാളിയ നിയന്ത്രണങ്ങൾ

ചൊല്ലിക്കൊട്, തല്ലിക്കൊട്, തള്ളിക്കള എന്ന മട്ടിലാണ് മിക്കവാറും കേരളത്തിലെ മാലിന്യപ്രശ്നം. എന്നാലും, സജീവമായി നടക്കുന്ന ഇടപെടലുകളെ കണ്ടില്ലെന്നു നടിക്കാനാവില്ല. ശുചിത്വമിഷൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഗ്രീൻ കേരളമിഷൻ, സർക്കാരേതര സംഘടനകൾ, അക്രെഡിറ്റഡ് ഏജൻസികൾ ഉൾപ്പെടെ മാലിന്യപ്രശ്ന പരിഹാര സംരംഭങ്ങൾ നിരവധി. വിദേശരാജ്യങ്ങളിൽ പോയി പഠിച്ച് മോഡലുകൾ സൃഷ്ടിക്കാനുള്ള ശ്രമം തകൃതി. എന്നിട്ടും മലയാളി മനസിന് മാറ്റമില്ലെന്നു വിധി. സർക്കാർ നിയന്ത്രണത്തിൽ തിരുവനന്തപുരം നഗരസഭ നടത്തിയ പരിഹാരമാർഗ്ഗങ്ങളുടെ അവസ്ഥയിങ്ങനെ. ജൈവമാലിന്യ സംസ്കരണത്തിനായി നഗരസഭ 414 എയ്റോബിക് ബിന്നുകളും 154 മാറ്റി സ്ഥാപിക്കാവുന്ന എയ്റോബിന്നുകളും 15835 കിച്ചൻ ബിന്നുകളും 87000 പൈപ്പ് കമ്പോസ്റ്റും സ്ഥാപിച്ചു; നിർഭാഗ്യവശാൽ ഇതിൽ പകുതിക്കു താഴെ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രവർത്തിക്കാത്തവ മാലിന്യത്തിന്റെ പട്ടികയിൽ തന്നെ. ഒരു നഗരസഭ യുടെ മാത്രം കാര്യമല്ലിത്. കേരളത്തിലങ്ങോളമിങ്ങോളം ഏറിയും

**വൃദ്ധജനതയെ ഉപയോഗശൂന്യമെന്നു പറഞ്ഞ് വൃദ്ധസദനങ്ങളിൽ തള്ളുന്ന മലയാളി മനസ്സ് മറന്നുപോയ ഒന്നുണ്ട്. പഴന്തലമുറ പറഞ്ഞുതന്ന മാലിന്യസംസ്കരണ മാർഗ്ഗങ്ങൾ. എന്തും ആവശ്യത്തിനായാൽ നല്ലത്.**

കുറഞ്ഞും മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ സ്ഥാപിച്ചു. മാലിന്യം മാത്രം സംസ്കരിക്കപ്പെട്ടില്ല.

എന്തുകൊണ്ടിങ്ങനെ? കാട്ടിലെ തടി തേവരുടെ ആന വലിയെടാവലി എന്ന മലയാളി മനസ്സാണ് ഇതിന് കാരണം. ഗൃഹമാലിന്യ സംസ്കരണ യൂണിറ്റുകളൊക്കെ പൂർണ്ണമായോ 90 ശതമാനമോ സബ്സിഡിയോടെയാണ് വിതരണം ചെയ്തിട്ടുള്ളത്. അത് ഉപയോഗശൂന്യമാകുന്നതിൽ ആർക്കാണ് ചേതം. സഹായിച്ചവർ യഥാസമയം മോണിട്ടറിംഗ് നടത്തിയിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു. ഉപകരണങ്ങൾ കൊടുത്തതല്ലാതെ ഉപയോഗം യഥാവിധി കൃത്യമായി നടക്കുന്നുണ്ടോ എന്ന തുടരന്വേഷണം ഫലപ്രദമായില്ല. സഹായ ധനം തിരിച്ചുപിടിക്കാനുള്ള വകുപ്പെങ്കിലും കൃത്യമായി നടപ്പിലാക്കിയെങ്കിൽ ഇങ്ങനെ വരില്ലായിരുന്നു. കൊതുകു നിയന്ത്രിക്കാൻ ചില്ലറകാശ് ചെലവിടാൻ കൂട്ടാക്കാതെ ചികിത്സയ്ക്ക് കോടികൾ മുടക്കി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പി റ്റൽ പണിത് ആഘോഷിക്കാനാണല്ലോ മലയാളി മനസ്സിന് നിർബന്ധം.

## ഇന്നലെ ചെയ്തോരബദ്ധം

വൃദ്ധജനതയെ ഉപയോഗശൂന്യമെന്നു പറഞ്ഞ് വൃദ്ധസദനങ്ങളിൽ തള്ളുന്ന മലയാളി മനസ്സ് മറന്നുപോയ ഒന്നുണ്ട്. പഴന്തലമുറ പറഞ്ഞുതന്ന മാലിന്യസംസ്കരണ മാർഗ്ഗങ്ങൾ. എന്തും ആവശ്യത്തിനായാൽ നല്ലത്. അധികമായാൽ അമൃതും വിഷമാണ്. അതുകൊണ്ട് ആവശ്യത്തിനാഹാരം ഉണ്ടാക്കി അധികം വന്നാൽ അടുത്ത വീട്ടുകാരെ വിളിച്ച് 'അത്താഴ പട്ടിണിക്കാരുണ്ടോ' എന്നു ചോദിച്ച് പാഴാക്കാത്ത രീതി. ആണ്ടിൽ നാലോ അഞ്ചോ തവണ ഇറച്ചി. ഉത്സവദിനങ്ങളിൽ മാത്രം സദ്യ, 'തമ്പുരാന്റെ നൂറുകറിയും അടിയന്റെ ഇഞ്ചിക്കറിയും' എന്ന തത്വാടിസ്ഥാനത്തിൽ എല്ലാവരും കഴിക്കുന്ന ഒന്നോ രണ്ടോ തൊട്ടുകൂട്ടാനും ഒഴിച്ചുകറിയും. പിന്നെവിടെ പാഴാക്കാൻ ഭക്ഷണം. പഴന്തുണിപോലും പാഴാക്കാതെ വിളക്കിനു തിരിയുണ്ടാക്കുന്ന സമ്പ്രദായം. വർഷാന്ത്യത്തിൽ വീടുവൃത്തിയാക്കി മൂധേവിയെ ഒഴിപ്പിച്ച് ശ്രീദേവിയെ കുടിയിരുത്തുന്ന ആണ്ടറുതിയും പുതുവർഷാഘോഷവും കർക്കടകത്തിലും ചിങ്ങത്തിലും ആചരിച്ചുപോന്നു. മാസാദ്യദിവസത്തിൽ വീടും പരിസരവും വൃത്തിയാക്കി അയൽ വീട്ടിലെ കന്യകയായ പെൺകുട്ടിയെ കൊണ്ടുവന്ന്



ഒന്നാം തീയതി ഇരിക്കൽ. ഐശ്വര്യ ദേവതയെ കുടിയിരുത്തുന്നു എന്ന് വിശ്വാസം. പരിപാവനമായി വളർത്തുന്ന തുളസിത്തറ. പൂർവ്വികൻമാർക്ക് വേണ്ടി നിത്യവും അന്തിക്ക് വിളക്ക് വെക്കുന്ന ചുടല തെങ്ങ്. വീടും പരിസവും ക്രമമായി വൃത്തിയാക്കുന്നതിന് ഈ വക ആചാരങ്ങൾക്കു കഴിഞ്ഞിരുന്നു.

വെള്ളത്തിൽ മൂത്രമൊഴിച്ചാൽ കല്ല്യാണത്തിനു മഴപെയ്യുമെന്ന് ഒരു ചൊല്ലുണ്ടാക്കി വെള്ളം ശുദ്ധിയാക്കി സൂക്ഷിച്ചു. മലമൂത്രാദികളും മറ്റു മാലിന്യങ്ങളും ജലസ്രോതസുകളിൽ ഒഴുക്കാൻ മടിക്കാത്തവർക്കൊരു മുന്നറിയിപ്പാണ് ഈ പഴഞ്ചൊല്ല്. നന്മ നിറഞ്ഞോരു നാട്ടുകാഴ്ചയാണ് കാവുകൾ. കാവ് തീണ്ടിയാൽ പാമ്പുകൊത്തും എന്ന് മറ്റൊരു ചൊല്ലുമുണ്ടാക്കി കാവിനുള്ളിൽ അശുദ്ധമായതൊന്നും കയറ്റാതെ സൂക്ഷിച്ചുപോന്നു. പരിസ്ഥിതിപരിപാലനത്തിന് ഇതിലധികം എന്തു വേണം!

ഒഴിവാക്കാൻ പറ്റാത്ത അടുക്കള മാലിന്യം ഒഴിവാക്കാൻ കോഴിയും ആടുമാടുകളും വളർത്തിയിരുന്നതിനു പുറമെ ഉള്ള സ്ഥലത്ത് പച്ചക്കറി നട്ടുവളർത്താനുള്ള വിവേകവുമുണ്ടായിരുന്നു. പാത്രങ്ങളുൾപ്പെടെയുള്ള വീട്ടുപകരണങ്ങൾക്ക് കേടുപാട് പറ്റിയാൽ അവയെ കേടുപാടു തീർത്തെടുക്കുകയോ ആക്രിക്കാർക്ക് വിറ്റ് കാശാക്കുകയോ ചെയ്യും. മൺപാത്രങ്ങൾ ഉടഞ്ഞാൽപോലും അവയെ ഒട്ടിച്ചെടുക്കാനുള്ള വിദ്യ സാധാരണമായിരുന്നു. മാലിന്യമായി ഒന്നും പഴയ തലമുറ കണ്ടിരുന്നില്ല. ഇതൊക്കെ ഒരു പക്ഷേ അബദ്ധങ്ങളായി പുതുതലമുറ കണ്ടേക്കാം. അവ ആചാരമായി വളർന്നതും ശാസ്ത്രമായി അംഗീകരിക്കപ്പെട്ടതും യാഥാർത്ഥ്യമാണ്. അടുക്കളയിൽ പശുവിനു കാടിവെള്ളം ഒഴിച്ചുവയ്ക്കാൻ ഉപയോഗിച്ച മൺകലവും ഇന്നത്തെ മൺകല കമ്പോസ്റ്റും ശാസ്ത്രീയമായി ഒന്നുതന്നെയല്ലേ? ഇന്നലെകളിലെ നൻമയെ അബദ്ധമായി കാണാതെ അവയുടെ ഗുണം അംഗീകരിക്കാൻ മലയാളി മനസിന് എന്നാണു കഴിയുക.●



# നമ്മൾ നമുക്കായി

**നദികളിലും നീർത്തടങ്ങളിലും നടക്കുന്ന അനിയന്ത്രിതമായ രീതിയിലുള്ള മണലൂറ്റൽ കര ഇടിയുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും ജലമലിനീകരണം പോലുള്ള അനുബന്ധ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കും കാരണമായിട്ടുണ്ട്.**

## കഴിഞ്ഞ ലക്കം തുടർച്ച

ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ചർച്ചകളിൽ നിർണായകമാണ് ഖനനം. അസന്തുലിതമായ ഖനനരീതികൾ പരിസ്ഥിതിക്ക് അപരിഹാര്യമായ നഷ്ടമുണ്ടാക്കുന്നതും ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അതിജീവനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. കേരളത്തിലെ ഖനനപ്രവർത്തനങ്ങളിൽ സിംഹഭാഗവും ധാതുമണൽ, കളിമണ്ണ് എന്നിവയ്ക്കുവേണ്ടിയാണ്. മണൽ, ചുണ്ണാമ്പ് കല്ല്, ഗ്രാനൈറ്റ് എന്നിവയുടെ ഖനനവും താരതമ്യേന കുറഞ്ഞ അളവിലാണെങ്കിലും നടക്കുന്നുണ്ട്. സംസ്ഥാനത്തെ ധാതു ഉത്പാദനത്തിന്റെ 90 ശതമാനവും ധാതുമണൽ, കളിമണ്ണ് ഖനനത്തിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ പുഴമണലും പാറയും അശാസ്ത്രീയമായ തരത്തിൽ വ്യാപകമായി ഖനനം ചെയ്യുന്നതാണ് കേരളത്തിന്റെ ജല പാരിസ്ഥിതിക സുസ്ഥിരതയ്ക്ക് കനത്ത ഭീഷണി ഉയർത്തുന്നത്.

ഖനനവുമായി ബന്ധപ്പെട്ട് സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ

- അനിയന്ത്രിത ഖനനപ്രവർത്തനങ്ങൾ
- മനുഷ്യരുടെയും വന്യ മൃഗങ്ങളുടെയും വാസസ്ഥലങ്ങൾക്കും ദുരന്ത സാധ്യതാ പ്രദേശങ്ങൾക്കും സമീപം പ്രവർത്തിക്കുന്ന പാറ ക്വാറികൾ.
- നദികളിലെ അനിയന്ത്രിതമായ മണലൂറ്റൽ
- ക്വാറികളുടെ ദൂരപരിധിയിൽ വരുത്തുന്ന ഇളവുകൾ ദുരന്തങ്ങളുടെ ആഘാതം വർദ്ധിപ്പിക്കുന്നതിനും ബന്ധപ്പെട്ടു കിടക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ വലിയ പ്രത്യാഘാതങ്ങള സൃഷ്ടിക്കുന്നതിനും കാരണമാവുന്നുണ്ട്. 2018 ലെ പ്രളയകാലത്ത് പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ കൂടുതലായി ഉണ്ടാകുന്നതിന് പാറഖനനം കാരണമായിട്ടുണ്ടെന്നാണ് പൊതു വിലയിരുത്തൽ. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനും പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ അപകട സാധ്യത പരമാവധി കുറയ്ക്കുന്നതിനും ക്വാറികളിലെ അശാസ്ത്രീയമായ ഖനനരീതികളിൽ അടിയന്തരമാറ്റങ്ങൾ ആവശ്യമാണ്.

നദികളിലും നീർത്തടങ്ങളിലും നടക്കുന്ന അനിയന്ത്രിതമായ രീതിയിലുള്ള മണലൂറ്റൽ കര ഇടിയുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും ജലമലിനീകരണം പോലുള്ള അനുബന്ധ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കും കാരണമായിട്ടുണ്ട്.

ഖനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസിലാക്കുന്നതിനും പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി പ്രാദേശിക സമൂഹവും ബന്ധപ്പെട്ട മറ്റു കക്ഷികളുമായും കൂടിയാലോചന നടത്തുന്നതിനായുള്ള ചർച്ചാ സൂചകങ്ങൾ.

1. നിങ്ങളുടെ പ്രദേശത്തെ ആവാസ വ്യവസ്ഥയെയും ജീവജാലങ്ങളെയും ഖനന പ്രവർത്തനങ്ങൾ എങ്ങനെയാണ് ബാധിക്കുന്നത് ? ഖനന പ്രദേ

ശങ്ങളോട് അടുത്ത് താമസിക്കുന്നത് കൊണ്ട്, അല്ലെങ്കിൽ അവിടെ ജോലി ചെയ്യുന്നതു കൊണ്ട് എന്തെങ്കിലും പ്രശ്നങ്ങൾ (ആരോഗ്യ പ്രശ്നങ്ങൾ, ജീവിതരീതിയുമായി ബന്ധങ്ങൾ പ്രശ്നങ്ങൾ) അനുഭവിച്ചിട്ടുണ്ടോ?

2. നിങ്ങളുടെ പ്രദേശത്ത് ഖനന പ്രവർത്തനങ്ങൾ എന്തുതരം ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്? ഖനനപ്രവർത്തനങ്ങൾ പ്രളയത്തിലേക്കോ, ഉരുൾപ്പൊട്ടലിലേക്കോ നയിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ഇവ എങ്ങനെ നിയന്ത്രിക്കാം?
3. അനിയന്ത്രിതവും നിയമവിരുദ്ധവുമായ ഖനനപ്രവർത്തനങ്ങളിൽ നിന്നും സമൂഹത്തെ സംരക്ഷിക്കാൻ പ്രാദേശിക ഭരണതലത്തിൽ സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാം?
4. പരിസ്ഥിതിയെ സംരക്ഷിക്കുകയും സുസ്ഥിരമായ ഖനന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് നിലവിലുള്ള നിയമത്തിലും നിയന്ത്രണങ്ങളിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത്?
5. അനധികൃതമായ ഖനനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് പുതിയ ജീവനോപാധി കണ്ടെത്തുന്നതിന് എന്തുചെയ്യാൻ സാധിക്കും?
6. അനധികൃത ഖനനം തിരിച്ചറിയുന്നതിനും തടയുന്നതിനും സമൂഹത്തിന് എന്ത് ചെയ്യാൻ സാധിക്കും?
7. നിങ്ങളുടെ പ്രദേശത്തെ ഉപേക്ഷിക്കപ്പെട്ട ക്വാറികളെ എങ്ങനെയൊക്കെ ഉപയോഗിക്കാനാകും?

## ദുരന്തസാധ്യതാ മേഖലകൾ

വൻതോതിലുള്ള തീരശോഷണം, ഉരുൾപൊട്ടൽ, പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഓരോ ദുരന്തവും ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചാണ് കൂടുതലായി സംഭവിക്കുന്നത്. അതിനാൽ മേഖലാടിസ്ഥാനത്തിൽ അവയെ പരിഗണിക്കാവുന്നതാണ്. ഈ മേഖലകളുടെ ഭൂമിശാസ്ത്രപരവും സാമൂഹിക സാമ്പത്തിക പരവുമായ പ്രത്യേകതകൾ കണക്കിലെടുത്തുള്ള ദുരന്ത പ്രതിരോധ നിവാരണ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

## തീരശോഷണം

580 കിലോമീറ്റർ നീളം തീരപ്രദേശമുള്ള കേരളത്തിൽ തിരമാലകളും വേലിയേറ്റവും മൂലം സ്ഥിരമായി ഉണ്ടാകുന്ന തീരശോഷണം പ്രദേശത്തെ മത്സ്യതൊഴിലാളികളുടെ വാസസ്ഥലങ്ങൾക്കും ഉപജീവനോപാധികൾക്കും കാര്യമായ നഷ്ടമുണ്ടാക്കുന്നുണ്ട്.

തുറമുഖങ്ങളുടെ നിർമ്മാണം പോലെയുള്ള ഇടപെടലുകൾ തീരത്തോട് ചേർന്നുള്ള സമുദ്രഭാഗത്തെ ആവാസവ്യവസ്ഥയെ താളം തെറ്റിക്കുന്നു. മത്സ്യങ്ങളുടെ ആവാസവ്യവസ്ഥകളിൽ ഘടനാപരമായ മാറ്റത്തിനും അവയുടെ പ്രജനനസ്വഭാവങ്ങളിലുള്ള വ്യത്യാസത്തിനുംചിലയിനംമൽസ്യങ്ങളുടെ എണ്ണം പെട്ടെന്നു കുറയുന്നതിനും അതുവഴിമൊത്തത്തിലുള്ള മത്സ്യസമ്പത്തിൽ കുറവുണ്ടാകുന്നതിനും മനുഷ്യന്റെ ഇടപെടലുകൾ കാരണമാകുന്നു. അതുകൊണ്ടുതന്നെ തീരദേശങ്ങളിലുള്ള നിർമാണ പ്രവർത്തനങ്ങൾ കൂടുതൽ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. വികസനത്തിന്റെ സാമൂഹിക, സാമ്പത്തിക നേട്ടങ്ങൾ നഷ്ടപ്പെടുത്താതെ തീരദേശ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കേരളം പോലെ ജനസാന്ദ്രതയേറിയ പ്രദേശത്ത് ഇത്തരത്തിൽ ഭൂമി കടലെടുത്ത് പോകുന്നത് വാസസ്ഥലം കണ്ടെത്തുന്നതും ഉപജീവനമാർഗ്ഗമൊരുക്കുന്നതും കൂടുതൽ സങ്കീർണമാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി സമൂഹവും മറ്റും നിരന്തരമായി അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തെ നേരിടാൻ ഫലപ്രദമായ ഭൂവിനിയോഗാസൂത്രണം നടത്തേണ്ടതുണ്ട്.

### ചർച്ചാസൂചകങ്ങൾ

1. താങ്കളുടെ പ്രദേശത്ത് തീരശോഷണം വർദ്ധിക്കുന്നതിന് കാരണമായ പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ് ?
2. മത്സ്യത്തൊഴിലാളികളുടെയും നെൽകർഷകരുടെയും തീരദേശ സമൂഹങ്ങളുടെയും ഉപജീവനത്തെ എങ്ങനെയൊക്കെയാണ് തീരശോഷണം ബാധിക്കുന്നത് ?
3. കടൽ ഭിത്തികൾ പോലുള്ള പരമ്പരാഗത പ്രതിരോധ നടപടികൾ തീരശോഷണം തടയാൻ സഹായിച്ചിട്ടുണ്ടോ? തീരക്കടലിന്റെ ആഴം വർധിക്കുന്നതിന് ഇത്തരം നടപടികൾ കാരണമായിട്ടുണ്ടോ? തീരശോഷണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് താങ്കൾക്ക് നിർദേശിക്കാനുള്ളത്?
4. തുറമുഖങ്ങൾ, ബ്രേക്ക് വാട്ടറുകൾ, ബീച്ചുകളോടും മറ്റും ചേർന്നുള്ള തിട്ടകൾ തുടങ്ങിയ നിർമിതികൾ തീരദേശത്തെ എങ്ങനെ ബാധിക്കുന്നു? തീരശോഷണം കൂടുന്നതിന് ഇവയുടെ സാന്നിദ്ധ്യം കാരണമാകുന്നുണ്ടോ?
5. തീരശോഷണം മൂലം ഉണ്ടാകുന്ന പാരിസ്ഥിതികവും ഘടനാപരവുമായ നഷ്ടം ലഘൂകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് നടപടികളെടുക്കാനാകും?
6. തീരദേശത്തെ മണ്ണൊലിപ്പ് കുറയ്ക്കുന്നതിനുള്ള സുസ്ഥിരമായ മാർഗങ്ങളുണ്ടോ? എന്തൊക്കെയാണവ?
7. തീരശോഷണത്തിന്റെ കെടുതികൾ അനുഭവിക്കുന്നവർ അവരുടെ ഉപജീവനോപാധികൾ സംരക്ഷിക്കുന്നത് എങ്ങനെയാണ്? തീരദേശവാസികളുടെ അതിജീവനക്ഷമത വർധിപ്പിക്കുന്നതിനുതകുന്ന ബദൽ ജീവനോപാധികൾ നിർദേശിക്കാമോ?
8. തീരദേശത്തോട് ചേർന്നിരിക്കുന്ന അത്യന്തം അപകട സാധ്യതയുള്ള വീടുകളിലുള്ളവരെ തിരമാലകളുടെ അപകടഭീഷണി ഇല്ലാത്തത്ര അകലത്തിൽ എന്നാൽ ഒരുപാടു ദൂരെയല്ലാതെ മാറ്റി സ്ഥാപിക്കാനുള്ള ഇടങ്ങൾ കണ്ടെത്താനാകുമോ?
9. തീരദേശസംരക്ഷണത്തിനാ





യി കണ്ട ൽക്കാടുകൾ തീരത്തുടനീളം വളർത്തിയെടുക്കുന്നതുപോലെയുള്ള പരിസ്ഥിതിസൗഹൃദപ്രവർത്തനങ്ങളിൽ തീരദേശ ജനതയുടെ പങ്കാളിത്തം എങ്ങനെ ഉറപ്പാക്കാം?

## ഉരുൾപൊട്ടൽ

കേരളത്തിൽ ഉരുൾപൊട്ടലിനുള്ള സാദ്ധ്യത കൂടിക്കൊണ്ടിരിക്കുകയാണ്. പ്രളയത്തോടനുബന്ധിച്ച് ഉണ്ടാകുന്ന ഉരുൾപൊട്ടലുകൾ 2018 ലും 2019 ലും സംഭവിച്ചതുപോലെ ജീവനും സ്വത്തിനും കനത്ത നഷ്ടമുണ്ടാക്കുന്നു. കുഴലീകൃത മണ്ണൊലിപ്പ്, വനനശീകരണം അനിയന്ത്രിവും അശാസ്ത്രീയവുമായ ഖനനം, അശാസ്ത്രീയമായ ഭൂവിനിയോഗം എന്നിവയ്ക്കൊപ്പം അതിതീവ്രമഴയും കൂടിയാകുമ്പോൾ ഉരുൾപൊട്ടലിന്റെ ആവൃത്തിയും തീവ്രതയും വർദ്ധിക്കുന്നതിന് കാരണമാകുമെന്ന് ശാസ്ത്രസമൂഹം വലയിരുത്തുന്നു.

ദുരന്തസാധ്യതാ പ്രദേശങ്ങൾ അടയാളപ്പെടുത്തുക, ഫലപ്രദമായ മുന്നറിയിപ്പ് നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുക, പ്രാദേശികമായ ആസൂത്രണവും നയങ്ങളും രൂപപ്പെടുത്തുക എന്നിവയാണ് പൊതുവായുള്ള ഉരുൾപൊട്ടൽ ലഘൂകരണ തന്ത്രങ്ങൾ. ഇത്തരം പ്രതിരോധമാർഗങ്ങൾ സുസ്ഥിരമാകണമെങ്കിൽ പ്രാദേശിക സാമ്പത്തിക, സാമൂഹികതാത്പര്യങ്ങളെകണക്കിലെടുത്തു കൊണ്ടു കൂടിയുള്ള പ്രകൃതി വിഭവങ്ങളുടെ പരിപാലനം സാധ്യമാകേണ്ടതുണ്ട്. അതിനാൽ ഉരുൾപൊട്ടലും അതിനെത്തുടർന്നുള്ള നാശനഷ്ടങ്ങളും കുറയ്ക്കുന്നതിന് പ്രാദേശിക സമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയേണ്ടതുണ്ട്.

1. നിങ്ങളുടെ പ്രദേശത്ത് ഉരുൾപൊട്ടൽ സാധ്യതയുണ്ടെങ്കിൽ/ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്?
2. പ്രദേശത്ത് ഉരുൾപൊട്ടലിന്റെ തീവ്രത വർദ്ധിക്കുകയോ കുറയുകയോ മാറ്റമില്ലാതെ തുടരുകയോ ചെയ്തിട്ടുണ്ടോ?
3. കുന്നിൻചെരിവുകളിലെ ഭൂവിനിയോഗത്തിൽ കാലങ്ങളായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്?
4. നിങ്ങളുടെ പ്രദേശത്തെ ഉരുൾപൊട്ടലിന് താഴെപറയുന്ന ഘടകങ്ങളുമായുള്ള ബന്ധമെന്താണ്?
    - കുന്നിൻചരിവുകളിലെ വിളരീതികൾ
    - അധിവാസമേഖലകൾ
    - ഭൂഗർഭജലം
    - മറ്റുള്ളവ(എന്തെങ്കിലും ഉണ്ടെങ്കിൽ അവ എഴുതുക)
5. താഴെപറയുന്നവയുടെ പശ്ചാത്തലത്തിൽ ഉരുൾപൊട്ടലും അതിന്റെ ആഘാതവും കുറയ്ക്കുന്നതിന് എന്ത് ചെയ്യാനാകും?
    - നിയന്ത്രണ നടപടികൾ പോലുള്ള ഇടപെടലുകൾ
    - അധിവാസ മേഖലകളിലെ ഘടനാപരമായ മാറ്റങ്ങൾ
    - നയവ്യതിയാനങ്ങളും പുതിയ നയങ്ങളും
    - നിലവിലുള്ള നിയന്ത്രണങ്ങൾ ശക്തമായി നടപ്പാക്കുകയും ഖനനം പോലെയുള്ള വികസന പ്രവർത്തനങ്ങൾ നിരോധിക്കുകയും ചെയ്യുക
    - പുതിയ നിയന്ത്രണങ്ങൾ
6. നടപ്പാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പ്രദേശവാസികൾക്ക് എങ്ങനെ ഫലപ്രദമായി നിരീക്ഷിക്കാനാകും ?
6. ആളുകളുടെ ജീവിതോപാധികളെ ബാധിക്കുന്ന വിഷയങ്ങളിൽ നിയന്ത്രണം കൊണ്ടുവരുമ്പോൾ എന്തൊക്കെ ബദൽ സംവിധാനങ്ങൾ സ്വീകരിക്കണം?
6. ഉരുൾപൊട്ടൽ മുന്നറിയിപ്പ് നൽകുന്നതിന് നിങ്ങളുടെ പ്രദേശത്ത് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാനാകുന്ന സംവിധാനം ഏതാണ്?

## വരൾച്ച

സ്വാഭാവിക ജല വ്യവസ്ഥകൾക്ക് (natural water systems) പ്രളയാനന്തരം മുൻകൂട്ടി മനസിലാക്കാൻ കഴിയാത്ത്ര വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. പ്രളയം കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ പലയിടത്തും നദികളുടെ ഒഴുക്ക് കുറയുകയും അരുവികൾ മിക്കതും വറ്റുകയും ചെയ്തു. കുടിവെള്ളത്തിനായി ആശ്രയിച്ചുവരുന്ന കിണറുകളിലും സംസ്ഥാനവ്യാപകമായി ജലവിതാനം കുറഞ്ഞു. തുടർച്ചയായുണ്ടാകുന്ന പ്രളയത്തിനും സാധാരണ മഴക്കാലത്തിനുമൊപ്പം തന്നെ വരൾച്ചയേയും നേരിടാൻ നാം തയ്യാറെടുക്കേണ്ടതുണ്ട് എന്നാണ് ഇതിൽ നിന്നും മനസിലാക്കാനാകുന്നത്.

പ്രളയത്തെ അപേക്ഷിച്ച്, വരൾച്ച അനുഭവപ്പെട്ടു തുടങ്ങാൻ കൂടുതൽ കാലമെടുക്കും. ദീർഘകാലം കുറഞ്ഞ അളവിലുള്ള മഴ ലഭിക്കുന്നതു മൂലമോ മഴ തീരെ ലഭിക്കാതിരിക്കുന്നത് മൂലമോ ആണ് സാധാരണ വരൾച്ച ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ ഭൂമിശാസ്ത്രപരമായും കാലാവസ്ഥാപരമായും ജലശാസ്ത്രപരവുമായ സവിശേഷമായ പ്രത്യേകതകൾ കണക്കിലെടുക്കാതെ പേമാരിക്കും വെള്ളപ്പൊക്കത്തിനും തൊട്ടുപുറകേ വരുന്ന വരൾച്ച എന്തു കൊണ്ടാണെന്ന് മനസിലാക്കുക പ്രയാസകരമാണ്.

പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിൽ 35120 കിലോമീറ്റർ മാത്രം വീതിയുള്ള, കടലിലേക്ക് ചരിഞ്ഞ് കിടക്കുന്ന ഭൂപ്രദേശമാണ് നമ്മുടെ സംസ്ഥാനം. ഒഴുകിവരുന്ന വെള്ളത്തെ വളരെ കുറഞ്ഞ സമയം കൊണ്ട് കടലിൽ എത്തിച്ചേരാൻ പ്രാപ്തമാക്കുന്ന തരത്തിലുള്ള ഒട്ടേറെ ചെറിയ അരുവികളും എല്ലായിടത്തുമുണ്ട്. കാലാവസ്ഥാശാസ്ത്രപ്രകാരം താരതമ്യേന രണ്ട് ചെറിയ മഴക്കാലങ്ങൾക്കിടയിൽ (ഇടവപ്പാതിയും തുലാവർഷവും) ദൈർഘ്യമേറിയ

വേനൽക്കാലങ്ങൾ ഉണ്ടാകുന്ന സംസ്ഥാനവുമാണിത്. മണ്ണിലേക്ക് ശുദ്ധജലം എത്തിച്ചേരാനുള്ള ഒരേ ഒരു പ്രകൃതിദത്തവഴിയും മഴമാത്രമാണെന്നതിനാൽ ഈ സാഹചര്യം വളരെ പ്രതികൂലമാണ്. ഈ സവിശേഷതകൾക്കൊപ്പം, സ്വാഭാവിക ജലാശയങ്ങളെ ഇല്ലാതാക്കിക്കൊണ്ടും നിർമാണപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുമുള്ള ഭൂവിനിയോഗവും അനിയന്ത്രിതവും യന്ത്രവത്കൃതവുമായ മണൽവാരലും അതുവഴി പുഴകളുടെ ജലവിതാനം താഴുന്നതും നമ്മെ ഓരോ വർഷവും കൂടുതൽ കൂടുതൽ വരൾച്ചയിലേക്ക് അടുപ്പിക്കുന്നു. ജലദൗർലഭ്യം സ്വാഭാവികമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ വാസസ്ഥലത്തിനായി തിരഞ്ഞെടുക്കുന്നതും സ്ഥിതി വഷളാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന ജില്ലാതല ദുരന്തനിവാരണ പദ്ധതികൾ പുനഃപരിശോധിച്ച് വരൾച്ചയെ പ്രതിരോധിക്കുന്നതിന് കൂടുതൽ പര്യാപ്തമാക്കേണ്ടതുണ്ട്.

വരൾച്ചാപ്രതിരോധത്തെപ്പറ്റി ചിന്തിക്കുമ്പോൾ നാം ആദ്യം കണക്കിലെടുക്കേണ്ടത് പ്രകൃതിദത്ത ജലാശയങ്ങളേയും പരമ്പരാഗത ജലസ്രോതസുകളെയും എങ്ങനെ വീണ്ടെടുക്കാമെന്നും സംരക്ഷിക്കാമെന്നുമാണ്. അതോടൊപ്പം വരൾച്ചയെ പ്രതിരോധിക്കാൻ എന്തെല്ലാം തരത്തിലുള്ള ജലസംരക്ഷണമാർഗങ്ങൾ കൊണ്ടുവരാമെന്നതും ചിന്തിക്കണം. ഇതിന് സമൂഹത്തിന്റെ പൂർണമായ സഹകരണവും പിന്തുണയും ആവശ്യമാണ്. പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ മനസ്സിലാക്കുന്നതിനും പ്രശ്നപരിഹാരം നിർദ്ദേശിക്കുന്നതിനും വരൾച്ച ബാധിക്കാൻ ഇടയുള്ള പ്രദേശങ്ങളിലുള്ളവരുമായി വിഷയം ചർച്ച ചെയ്യേണ്ടതുണ്ട്.

## ചർച്ചാ സൂചകങ്ങൾ

1. നിങ്ങളുടെ പ്രദേശത്തെ വരൾച്ചയുടെ കാരണങ്ങൾ എന്തൊക്കെയാണ്?
2. വരൾച്ചയ്ക്കെതിരായ നടപടികൾ എന്തൊക്കെയാണ്? ഇത്തരം പരിഹാര മാർഗങ്ങൾ വ്യാപകമായി നടപ്പിലാക്കാനാകുമോ?
3. ലഭ്യമായ ബദൽ ജലസ്രോതസുകൾ എന്തൊക്കെയാണ്?
4. കുടിവെള്ള സ്രോതസുകളെ സംരക്ഷിക്കുന്നതിനും വരൾച്ചയെ പ്രതിരോധിക്കുന്നതിനും നാട്ടുകാർക്ക് എന്തൊക്കെ ചെയ്യാനാകും?
5. വരൾച്ചയെ നേരിടാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് എന്ത് സംവിധാനങ്ങളാണ് ഉള്ളത്?
6. മേഖലയിലെ വരൾച്ച കുറയ്ക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് ?
7. ക്ഷാമം നേരിടുന്ന അവസരങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ എങ്ങനെ കുടിവെള്ളം ലഭ്യമാക്കാം ?
8. വരൾച്ചാ സമയത്ത് ജലഉപയോഗം നിയന്ത്രിക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ജനങ്ങൾക്ക് സാധിക്കും?

## ജലപരിപാലനം

സമൃദ്ധമായ ജലസ്രോതസുകളാൽ അനുഗൃഹീതമാണ് നമ്മുടെ കേരളം. 3000 മില്ലീമീറ്റർ എന്ന മികച്ച ശരാശരി വാർഷിക വർഷപാതം. 44 പുഴകൾ, 34 കായലുകൾ, ധാരാളം കുളങ്ങൾ, തോടുകളുടെ വിപുലമായ ശൃംഖല, ഒട്ടേറെ ഉറവകളും വിപുലമായ തണ്ണീർത്തടങ്ങളും ജലസമ്പത്തിന്റെ കാര്യത്തിൽ എത്ര സമ്പുഷ്ടമാണ് കേരളമെന്നു നോക്കൂ. സ്ഥലത്തിനും കാലത്തിനുമനുസരിച്ച് അടിക്കടി രൂപവും ഭാവവും മാറുന്ന ഈ സ്വാഭാവിക ജലസ്രോതസുകൾ തന്നെയാണ് വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും ഇടയാക്കുന്നതും.

2018 ലും 2019 ലും തുടർച്ചയായി ഉണ്ടായ പ്രളയങ്ങൾ, മൺസൂൺ മാസങ്ങളിലെ കനത്ത മഴയെത്തുടർന്നുണ്ടാകുന്ന വെള്ളപ്പൊക്കത്തെ നേരിടാനും അതിജീവിക്കാനുമുള്ള സംസ്ഥാനത്തിന്റെ ശേഷിയെപ്പറ്റി ചോദ്യങ്ങൾ ഉയർത്തുന്നു. ആസൂത്രിതമായ ഭൂവിനിയോഗത്തിന്റെയും ജലപരിപാലനത്തിന്റെയും അഭാവം ഇത്തരം പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള നഷ്ടം വർധിക്കുന്നതിന് കാരണമായി. നദീതടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും വ്യാപകമായ കയ്യേറ്റവും മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സ്വാഭാവിക വഴികൾ അടഞ്ഞതും വെള്ളപ്പൊക്കത്തിന് കാരണമായിട്ടുണ്ടെന്ന് പൊതുവായി വിലയിരുത്തപ്പെടുന്നു. സംസ്ഥാന കെട്ടിടനിർമാണ ചട്ടങ്ങൾ കാലികമായി പരിഷ്കരിക്കപ്പെടാത്തതും അവ കൃത്യമായി പാലിക്കപ്പെടാത്തതും പഞ്ചായത്തുതലത്തിൽ ദുരന്തപരിപാലന പദ്ധതികൾ രൂപീകരിക്കപ്പെടാത്തതും നദീതടങ്ങൾ സംരക്ഷിക്കുന്നതിലുള്ള വിമുഖതയും സംസ്ഥാനത്തെ ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ തീവ്രത വർധിപ്പിക്കുന്നു.

കേരളത്തിലെ ജനസംഖ്യയുടെ 60% ത്തിലധികം അവരുടെ കുടിവെള്ള ആവശ്യങ്ങൾക്കായി കിണറുകളെ ആശ്രയിക്കുന്നു. പല പ്രദേശങ്ങളിലെയും ഭൂഗർഭജലവിതാനം അപകടകരമായ തോതിൽ താഴ്ന്നിട്ടുണ്ട്. കേന്ദ്ര ഭൂജല ബോർഡ് (CGWB) പഠനം നടത്തിയ 10219 കിണറുകളിൽ 5699 എണ്ണത്തിലും ജലനിരപ്പ് കുറഞ്ഞതായാണ് കണ്ടത്. 71% കിണറുകളിലും ജലവിതാനത്തിൽ കുറവ് വന്നതായി ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിലെ കിണറുകളിലെ ജലവിതാനം കുറയുന്നത് ജനങ്ങൾ നേരിടുന്ന ഏറ്റവും ഗൗരവമേറിയ പ്രശ്നമാണ് എന്ന് വിലയിരുത്താം.

തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നമ്മളെല്ലാം കരുതുന്നതിന് വിരുദ്ധമായി, ഈ പ്രശ്നം, കൂടുതൽ വഷളാക്കിയതായാണ് അനുഭവപ്പെടുന്നത്. അതിനാൽ സ്വാഭാവിക ജലസ്രോതസുകളുടെ അഭിവൃദ്ധിയും സംരക്ഷണവും പൊതു സ്വകാര്യ കിണറുകളിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കൽ എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നു.

വരൾച്ചയെ സം



ബന്ധിച്ച് മുൻ അധ്യായത്തിൽ പ്രതിപാദിച്ചതുപോലെ കേരളത്തിലുണ്ടാകുന്ന ജലക്ഷാമത്തിനും വരൾച്ചയ്ക്കും ഭൂമിശാസ്ത്ര, ജലശാസ്ത്ര, കാലാവസ്ഥ സംബന്ധിയായ കാരണങ്ങളുണ്ട്. എന്നാൽ ദശാബ്ദങ്ങളായി മനുഷ്യർ ചെയ്ത പ്രവൃത്തികളുടെ ഫലമാണ് ഇതിന്റെ തീവ്രതയും കാലദൈർഘ്യവും വർധിപ്പിക്കാനിടയാക്കിയത്.

പ്രകൃതിദത്തമായ ജലാശയങ്ങളിലെയും അരുവികളിലെയും മലിനീകരണം പ്രത്യേകിച്ച് അശാസ്ത്രീയ നഗരവൽകരണം നടക്കുന്ന പ്രദേശങ്ങളിലേത് വലിയ ആശങ്ക ഉളവാക്കുന്നു. സംസ്ഥാനത്തെ ജലവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഖര, ദ്രവ, കക്കൂസ് മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

അതിനാൽ, ജലലഭ്യത മാത്രമല്ല ജലസ്രോതസുകളെ പലപ്രദമായി കൈകാര്യം ചെയ്യുക എന്ന കാതലായ സമസ്യക്കു കൂടിയാണ് സംസ്ഥാനം ഉത്തരം കണ്ടെത്തേണ്ടത്. കനത്ത മഴയിൽ ഒഴുകിയെത്തുന്ന ജലത്തെ ഫലപ്രദമായി കൈകാര്യം ചെയ്യൽ, വരൾച്ചയുടെ ആഘാതം കുറയ്ക്കുന്നതിനായി ജലസംഭരണികളുടെ വൃഷ്ടിപ്രദേശങ്ങളുടെ പരിപാലനം ഒരേ നദീതട പ്രദേശത്തെ ഉയർന്നതും താഴ്ന്നതുമായ ഇടങ്ങളിലെ ഗുണഭോക്താക്കൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനം, നദിക്ക് വേണ്ടത്ര ഇടം നൽകുന്ന തരത്തിൽ പലപ്രദമായ ഭൂവിനിയോഗ ആസൂത്രണം, തണ്ണീർത്തടങ്ങൾ നികത്തപ്പെടുന്നത് തടയൽ, ശാസ്ത്രീയമായ മാലിന്യ സംസ്കരണം തുടങ്ങിയവയ്ക്കായി കൃത്യമായ നയരൂപീകരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഏറ്റെടുത്ത് നടപ്പാക്കുന്നതിനും ജനങ്ങളുടെ പരിപൂർണ പിന്തുണ ആവശ്യമാണ്.

ജലവുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൻമേൽ സംസ്ഥാനത്തെ ജലസ്രോതസുകളുടെയും ജനങ്ങളുടെയും അതിജീവന ക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രളയം, വരൾച്ച, ജലസംരക്ഷണവുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ജനങ്ങൾ അവരുടെ നേരിട്ടുള്ള അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തുറന്നു പറയുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു.

ജലവിഭവപരിപാലനവും ജലവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾക്കെതിരെയുള്ള അതിജീവന ശേഷി ഉയർത്തുന്നതുമായും ബന്ധപ്പെട്ട വിഷയങ്ങൾ താഴെപ്പറയുന്ന ചോദ്യങ്ങളെ ആസ്പദമാക്കി ചർച്ചചെയ്യാം.

1. തണ്ണീർത്തടങ്ങൾ കയ്യേറിയത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിക്കുന്നതിനു കാരണമായിട്ടുണ്ടോ? പാരിസ്ഥിതിക ദൗത്യം നിറവേറ്റുന്നതിനായി, തണ്ണീർത്തടങ്ങളിലെ അനാവശ്യ മനുഷ്യ ഇടപെടലുകൾ എങ്ങനെ ഒഴിവാക്കാം?
2. നിങ്ങളുടെ അഭിപ്രായത്തിൽ, ജലാശയങ്ങളിൽ മണലും ചെളിയും അടിഞ്ഞുകൂടുന്നത് പ്രളയത്തെ എങ്ങനെ സ്വാധീനിക്കുന്നു? ഇത്തരത്തിൽ മണലും ചെളിയും അടിഞ്ഞുകൂടുന്നത് തടയാൻ സർക്കാരിനും ജനങ്ങൾക്കും എന്തൊക്കെ ചെയ്യാനാകും?
3. പ്രകൃതിദത്ത ജലാശയങ്ങളിലെ മണലൂറ്റും തൻമൂലമുണ്ടാകുന്ന മണൽത്തിട്ടയുടെ ശോഷണവും ജലവിതാനത്തെ എങ്ങനെ ബാധിച്ചു?
4. കിണറുകളിൽ വർഷം മുഴുവനും ശുദ്ധമായ ജല ലഭ്യത ഉറപ്പാക്കാൻ സർക്കാരും സമൂഹവും എന്ത് നടപടികൾ കൈക്കൊള്ളണം?
5. നിങ്ങളുടെ പ്രദേശത്തെ ജലാശയത്തെ മലിനമാക്കുന്ന മാലിന്യത്തിന്റെ (ഖര/ദ്രവ/മനുഷ്യ വിസർജ്യം) ഉറവിടങ്ങൾ എന്തൊക്കെയാണ്? ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാം?
6. കിണറുകളിലെ ജലലഭ്യത ഫലപ്രദമായി കൈകാര്യം ചെയ്യാനും കുളങ്ങൾ, തടാകങ്ങൾ, അരുവികൾ, നദി മുതലായ ജലാശയങ്ങളുടെ മലനീകരണം തടയാനും ജനങ്ങൾക്ക് എന്ത് തരത്തിലുള്ള വിവര ലഭ്യതയാണ് ഉറപ്പാക്കേണ്ടത്?
7. മനുഷ്യ മാലിന്യങ്ങൾ വികലമായി കൈകാര്യം ചെയ്യുന്നത് വെള്ളപ്പൊക്ക സമയത്ത് കുടിവെള്ള സ്രോതസുകളുടെ മലിനീകരണത്തിന് എങ്ങനെയൊക്കെയാണ് കാരണമാകുന്നത്? ഭാവിയിൽ ഇത്തരം മലനീകരണം തടയാൻ എന്ത് നടപടികൾ സ്വീകരിക്കാനാകും?

## പ്രാദേശിക സമൂഹവും അതിജീവനവും

അത്യാഹിതങ്ങൾ ഉണ്ടായശേഷം അടിയന്തര നടപടികൾ എന്നതിനെക്കാൾ ദുരന്തസാധ്യതാ ലഘൂകരണത്തിന് ഊന്നൽ നൽകുന്ന കേരള പുനർനിർമാണ ദൗത്യ (Rebuild Kerala Initiative) ത്തിന്റെ കേന്ദ്ര ബിന്ദുവാണ് പ്രാദേശിക സമൂഹം. പ്രാദേശികാടിസ്ഥാനത്തിലുള്ള ദുരന്ത നിവാരണ/പ്രതിരോധ നടപടികൾ വഴി ദുരന്തസാധ്യത പരമാവധി കുറയ്ക്കുകയും ദുരന്തങ്ങളെ നേരിടാനുള്ള ജനങ്ങളുടെ ശേഷി ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇതിനായി ചെയ്യാവുന്ന ചില നടപടികൾ ഇവയാണ്.

- ദുരന്തങ്ങൾ എളുപ്പം ബാധിക്കാൻ സാധ്യതയുള്ള സമൂഹങ്ങളുടെ ദൗർബല്യങ്ങൾ പരിഹരിച്ചും കാര്യശേഷി വർധിപ്പിച്ചും ജീവനും സ്വത്തിനുമുള്ള നഷ്ടം, പാരിസ്ഥിതിക നാശനഷ്ടങ്ങൾ എന്നിവ തടയാനും പരമാവധി കുറയ്ക്കാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ.
- ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കൽ.
- ത്വരിതഗതിയിലുള്ള പുനരുജ്ജീവനം.

ദുരന്തനിവാരണ/ലഘൂകരണ പ്രവർത്തനങ്ങളിൽ പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ചുവടെ പറയുന്നവ സാധ്യമാക്കാം.

പാലങ്ങൾ, സംരക്ഷണഭിത്തികൾ, വരമ്പുകൾ, സുരക്ഷിത കെട്ടിടങ്ങളുടെ രൂപകൽപ്പന തുടങ്ങിയവയിലൂടെ പ്രകൃതി ദുരന്തങ്ങൾ കാരണം ജനങ്ങളുടെ ജീവനും അടിസ്ഥാന സൗകര്യങ്ങൾക്കും സ്വത്തിനുമുണ്ടാകുന്ന നഷ്ടം കുറയ്ക്കാം.

അതുപോലെ പ്രാദേശികമായി ദുരന്തസാധ്യത കണക്കാക്കൽ, അതിന്റെ അടിസ്ഥാനത്തിലുള്ള ആസൂത്രണം,





പൊതുഅവബോധം സൃഷ്ടിക്കൽ, ഭക്ഷ്യസുരക്ഷാ പരിപാടികൾ, സഹകരണ സ്ഥാപനങ്ങൾ, ദുരന്ത നിവാരണ രംഗത്ത് പ്രാദേശികമായി പ്രവർത്തിക്കുന്ന സംഘടനകൾ എന്നിവയെ ശക്തിപ്പെടുത്തൽ, ദുരന്തങ്ങളും വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കൽ, നിയമനിർമാണം, മേഖലാടിസ്ഥാനത്തിലുള്ള ഭൂവിനിയോഗം തുടങ്ങിയവയും ദുരന്താഘാതം കുറയ്ക്കുന്നതിനു സഹായിക്കും.

ബോധവത്കരണ പരിപാടികളിലൂടെയും ഫലപ്രദമായ ആശയവിനിമയ സംവിധാനങ്ങൾ പരിശീലിപ്പിക്കുന്നതിലൂടെയും മുന്നറിയിപ്പുകൾ സ്വീകരിക്കുന്നതിനും മനസിലാക്കുന്നതിനും ഉടൻ പ്രതികരിക്കുന്നതിനും ഉള്ള ജനങ്ങളുടെ ശേഷി ശക്തിപ്പെടുത്തേണ്ടതുണ്ട്. സമൂഹത്തിനു മുന്നറിയിപ്പുകൾ നൽകുന്നതിനും ബോധവത്കരണം നടത്തുന്നതിനും വിദ്യാർഥികളും യുവാക്കളും ഉൾപ്പെടെയുള്ള പ്രാദേശിക ഗ്രൂപ്പുകൾക്ക് മുഖ്യപങ്കുവഹിക്കാൻ സാധിക്കും.

ചതുപ്പ്, ഒഴുകിവരുന്ന പ്രളയജലം കെട്ടിനിൽക്കാനുള്ള മറ്റ് ഇടങ്ങൾ തുടങ്ങിയവയുടെ സംരക്ഷണവും പുനരുജ്ജീവിപ്പിക്കലും, ജൈവതീരങ്ങൾ പോലുള്ള പരിസ്ഥിതി സൗഹൃദ സംവിധാനങ്ങൾ, നഗരങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, ഹരിത തെരുവുകൾ, ഹരിത മേൽക്കൂരകൾ തുടങ്ങിയവ സജ്ജമാക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ സാമൂഹികമായ അതിജീവനശേഷി വർധിപ്പിക്കുന്നതിനും പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹിക നേട്ടങ്ങൾ കൈവരിക്കുന്നതിനും സാധിക്കും. ദുരന്താനന്തര പുനരുജ്ജീവന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ, അടിസ്ഥാന സൗകര്യങ്ങളുടെ നിർമാണവും സംരക്ഷണവും പരിസ്ഥിതി സൗഹൃദമാണെന്ന് ഉറപ്പാക്കണം. അടിയന്തര പുനർനിർമാണ പ്രവർത്തനങ്ങളിൽ വൃക്ഷങ്ങളെയും മറ്റ് ഹരിത വിഭവങ്ങളെയും എങ്ങനെ പരിഗണിക്കുമെന്നത് വ്യക്തമാക്കണം. പരിസ്ഥിതി സൗഹൃദപരമായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള രൂപരേഖ ദീർഘകാല പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമാകണം. വരുംകാല ദുരന്തങ്ങളെ അതിജീവിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് ഇതെല്ലാം അത്യാവശ്യമാണ്.

സാമൂഹിക മൂലധനത്തിന് (സോഷ്യൽ ക്യാപിറ്റൽ) അതായത്, ശക്തമായ വ്യക്തിബന്ധങ്ങളും സോഷ്യൽ നെറ്റ്‌വർക്കുകളും വഴി പങ്കുവയ്ക്കപ്പെട്ട സ്വത്വബോധവും പരസ്പര വിശ്വാസവും ദുരന്തങ്ങളെ വളരെ വേഗത്തിൽ കൂടുതൽ കരുത്തോടെ അതിജീവിക്കുന്നതിനുള്ള ഊർജസ്രോതസായി മാറ്റാനാകുമെന്ന് സമീപകാല ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ദുരന്തങ്ങൾ നേരിട്ടവരിൽ ശക്തമായ സാമൂഹിക ബന്ധങ്ങളുള്ളവർക്ക് വളരെ വേഗം തിരിച്ചുവരാനും ആവശ്യമായ വിവരങ്ങൾ, ഉപകരണങ്ങൾ, സഹായം എന്നിവ കരസ്ഥമാക്കാനും കഴിഞ്ഞിട്ടുണ്ട്. അതേസമയം സാമൂഹിക ബന്ധങ്ങൾ കുറവുള്ള സമൂഹത്തിനും അയൽക്കൂട്ടങ്ങൾക്കും ഇത്തരത്തിലുള്ള സഹായങ്ങളോ ബന്ധങ്ങളോ പുലർത്താൻ കഴിഞ്ഞിട്ടില്ല.

**ചർച്ചാസൂചകങ്ങൾ**

1. ദുരന്തസാധ്യത ലഘൂകരിക്കുന്നതിനും അതിജീവനശേഷി കൈവരിക്കുന്നതിനും അപകടങ്ങൾ തരണം ചെയ്യുന്നതിനുള്ള കഴിവുകൾ വർധിപ്പിക്കുന്നതിനും സർക്കാരിന് കൈക്കൊള്ളാവുന്ന ഇടപെടലുകൾ എന്തൊക്കെയാണ്? ഏതു തരത്തിലുള്ള ബോധവത്കരണ പരിപാടികളും പരിശീലനങ്ങളുമാണ് ഇതിന് ആവശ്യമായിട്ടുള്ളത്?
2. പ്രാദേശിക സമൂഹത്തിൽ നിന്ന് ദുരന്തനിവാരണത്തിനുള്ള അതിജീവന ഗ്രൂപ്പുകൾ രൂപീകരിക്കുമ്പോൾ നൽകേണ്ട പ്രധാന പരിഗണനകൾ എന്തൊക്കെയാണ്? അത്തരം ഗ്രൂപ്പുകളുടെ ഘടന എന്തായിരിക്കണം, അവരുടെ ശേഷി വർധിപ്പിക്കുന്നതിന് എങ്ങനെ പരിശീലിപ്പിക്കണം? ഇതിൽ ഉയർന്നു വരാവുന്ന വെല്ലുവിളികളും പരിഹാരങ്ങളും എന്തൊക്കെയാണ്?
3. ആധുനികവത്കരിച്ചും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തിയും വിവിധോദ്ദേശ്യ രക്ഷാ കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്താനും പ്രാദേശിക ദുരന്ത പ്രതിരോധ സേനയുടെ ആസ്ഥാനമാക്കാനും പറ്റുന്ന പൊതു കെട്ടിട സൗകര്യം ലഭ്യമാണോ?
4. വിവിധോദ്ദേശ്യ അടിയന്തര രക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ച് അതിന്റെ പ്രവർത്തനവും പരിപാലനവും പ്രാദേശിക സമൂഹത്തെ ഏൽപിച്ചാൽ അത്തരം കേന്ദ്രങ്ങളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാം? വെല്ലുവിളികളും സാധ്യമായ പരിഹാരങ്ങളും എന്തൊക്കെയാണ്?

തുടരും

കടപ്പാട്: റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

# കാടിനുള്ളിലുണ്ട് രാജ്യത്തെ മികച്ച ആതുരാലയം

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷനാണ് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലെ വയനാട്ടിലെ കാടിനുള്ളിലെ നൂൽപ്പുഴ  കുടുംബാരോഗ്യ കേന്ദ്രത്തെ തേടിയെത്തിയത്.

രമേഷ്‌കുമാർ വെള്ളമുണ്ട

വയനാട്ടിലെ കാടിന്റെ നടുവിലെ അതിർത്തിഗ്രാമമായ നൂൽപ്പുഴയ്ക്ക് പറയാനുണ്ട് ആരോഗ്യ പരിരക്ഷണത്തിന്റെ വേറിട്ട കഥ. വർഷങ്ങൾക്ക് മുമ്പു വരെയും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം എന്നതിൽ മാത്രം ഒതുങ്ങിയ ഈ ഗോത്രഗ്രാമത്തിലെ ആതുരാലയം ഇന്ന് ദേശീയ ശ്രദ്ധ നേടിയിരിക്കുന്നു. രാജ്യത്തെ ഏറ്റവും മികച്ച സർക്കാർ ആതുരാലയത്തിന് ലഭിക്കുന്ന നാഷണൽ ഹെൽത്ത് മിഷന്റെ ഏറ്റവും വലിയ അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷനാണ് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലെ ഈ കുടുംബാരോഗ്യ കേന്ദ്രത്തെ തേടിയെത്തിയത്. ഒരു സർക്കാർ ആതുരാലയം എങ്ങനെയാവണമെന്നതിന്റെ നേർക്കാഴ്ചകളാണ് നൂൽപ്പുഴ നൽകുന്നത്. ദേശീയ അടിസ്ഥാനത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടന്ന ഗുണമേന്മ പരിശോധനയിൽ നൂറിൽ 98 മാർക്ക് നേടിയാണ് ഈ ആരോഗ്യകേന്ദ്രം ഒന്നാം സ്ഥാനം നേടിയത്. ഒ.പി ആൻഡ് ഐ.പി, ജനറൽ അഡ്മിനിസ്ട്രേഷൻ, ലാബ് ആൻഡ് ഫാർമസി, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ വിവിധ തലങ്ങളിൽ നടത്തിയ പരിശോധനയ്ക്ക് ശേഷമാണ് അംഗീകാരം നൽകുന്നത്. ഓരോ മേഖലയിലും ഏഴുപത് ശതമാനം മാർക്ക് നേടിയാൽമാത്രമാണ് അടുത്തഘട്ടം പരിശോധന നടക്കുക. പരിശോധനയിലെ വിവിധ ഘട്ടങ്ങളെല്ലാം നൂൽപ്പുഴയിലെ ഈ ആതുരാലയം മറ്റുള്ളവയേക്കാൾ ഉയർന്ന നിലവാരത്തിലായിരുന്നു.





ഗ്രാമീണരുടെ ആരോഗ്യ പരിരക്ഷയ്ക്കായി സംസ്ഥാന സർക്കാർ നടപ്പാക്കിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യ പട്ടികയിൽ ഇടം തേടുകയായിരുന്നു നൂൽപ്പുഴയിലെ പ്രാഥമികാരോഗ്യ കേന്ദ്രവും. 2017 നവംബർ 20 നായിരുന്നു ആരോഗ്യവകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ ഈ ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ചത്. വയനാട്ടിൽ നിന്നും അന്ന് തെരഞ്ഞെടുക്കപ്പെട്ട നാല് ആതുരാലയങ്ങളിൽ ഒന്നായും നൂൽപ്പുഴ മാറുകയായിരുന്നു. കാട്ടുനായ്ക്കരും തേൻകുറുമരുമെല്ലാം അടങ്ങിയ ഗോത്രവിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന വനഗ്രാമത്തിനു നടുവിൽ അന്നു മുതൽ ഈ ആശുപത്രി പുതിയ ചുവടുകളുമായി മുന്നേറുകയായിരുന്നു.സംസ്ഥാനത്തെ ആദ്യത്തെ ഇ-ഹെൽത്ത് ആശുപത്രിയെന്ന അഭിമാനവും നൂൽപ്പുഴ പങ്കുവെക്കുന്നു.

മുമ്പൊക്കെ രോഗം വന്നാൽ മരുന്ന് മേടിക്കാൻ കിലോമീറ്ററുകൾ പിന്നിട്ട് സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലോ അല്ലെങ്കിൽ മാനന്തവാടിയിലേ ജില്ലാ ആശുപത്രിയിലോ പോകണം. അവിടെ പോയാലോ ഡോക്ടറെ കാണണമെങ്കിൽ നീണ്ടവരിയിൽ ഒരു ദിവസം മുഴുവൻ കാത്തു നിൽക്കണം. ഇന്നിപ്പോ അങ്ങോട്ടൊന്നും പോകണ്ട. എല്ലാം ഇവിടെത്തന്നെയുണ്ട്. ആധുനിക സൗകര്യങ്ങളോടെ മുഖം മിനുക്കിയ നൂൽപ്പുഴയുടെ സ്വന്തം ആശുപത്രിയിലിരുന്ന് വനവാസികൾ പറയുന്നു.

ആകെ ജനസംഖ്യയിൽ ഭൂരിഭാഗവും ആദിവാസികൾ. കൃഷിയിലൂടെയും വനവിഭവശേഖരണത്തിലൂടെയും കിട്ടുന്ന വരുമാനം കൊണ്ടുള്ള ശരാശരി ജീവിതം. പലരും രോഗത്തിന് കൃത്യമായി പല കാരണങ്ങളാലും ചികിത്സ തേടാത്തതും പതിവ്. അർബുദം വന്നാൽ പോലും കാടിനുള്ളിൽ വീടുകളിൽ വേദന തിന്നു പുളയുന്ന കാഴ്ചകൾ. ഇതെല്ലാമായിരുന്നു നൂൽപ്പുഴയുടെ വെല്ലുവിളികൾ. ആകെയുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മിക്കപ്പോഴും ഡോക്ടർമാരില്ലാത്തതും മരുന്നില്ലാത്തതുമെല്ലാം ഈ വനഗ്രാമത്തിനും വെല്ലുവിളിയായി. ഈ സാഹചര്യങ്ങൾക്കിടയിൽ നിന്നുമാണ് രാജ്യത്തിനും സംസ്ഥാനത്തിനും അഭിമാനമായി നൂൽപ്പുഴ വളരുന്നത്.

## നൂൽപ്പുഴ ഒരു മാതൃകയാണ്

പുറത്ത് നിന്നും എത്തുന്നവർക്ക് ആദ്യ കാഴ്ചയിൽ അമ്പരപ്പുണ്ടാകാം. ഇതൊരു സർക്കാർ ആശുപത്രിയാണോ എന്ന കാര്യത്തിൽ. ആധുനികമായ എല്ലാം സൗകര്യവും ഒരുക്കി വൃത്തിയുള്ള ഒരാശുപത്രി. മനോഹരമായ ഇരിപ്പിടങ്ങളും മറ്റ് സൗകര്യവുമുള്ള പൂമുഖം. ആശുപത്രിയിലെത്തുന്ന രോഗികളെ ആദ്യപടിയായി ഈ ഹെൽത്ത് സംവിധാനം വഴി രജിസ്റ്റർ ചെയ്യും. ഓൺലൈനിൽ രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ ബാർകോഡോടുകൂടിയ ഒ.പി ചീട്ട് ലഭിക്കും. പിന്നെ ഡോക്ടറെ കാണാൻ സാധാരണ ആശുപത്രിയിലേത് പോലെ വരി നിൽക്കേണ്ട.ഇവിടെ തയ്യാറാക്കിയ പ്രൈമറി വെയിറ്റിങ്ങ് ഏരിയയിൽ വിശ്രമിക്കാനുള്ള സൗകര്യമുണ്ട്. ഈ സമയം രോഗിയുടെ ബ്ലഡ് പ്രഷർ, ശരീര ഊഷ്മാവ്, ശരീരഭാരം തുടങ്ങിയവ പ്രീ ചെക്കപ്പ് നടത്തി ഓൺലൈനിൽ വിവരങ്ങൾ രേഖപ്പെടുത്തും. വിശ്രമമുറിയുടെ മുന്നിൽ സ്ഥാപിച്ചിട്ടുള്ള വലിയ എൽ.ഇ.ഡി സ്ക്രീനിൽ ഒ.പി ചീട്ടിലെ ക്രമനമ്പർ തെളിയുന്നതോടെ രോഗിക്ക് ഡോക്ടറുടെ മുറിയിലേക്ക് പ്രവേശിക്കാം. പ്രീ ചെക്കിങ്ങ് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഡോക്ടർക്ക് എളുപ്പത്തിൽ രോഗിയുമായി ആശയവിനിമയം നടത്താം. രോഗിക്ക് നിർദ്ദേശിക്കുന്ന മരുന്നും ചികിത്സയും അപ്പോൾ തന്നെ ഡോക്ടർക്ക് ഓൺലൈനിൽ രേഖപ്പെടുത്താം. ലാബിലും ഫാർമസിയിലുമെല്ലാം ഓൺലൈനിലൂടെ ബന്ധിപ്പിച്ച് അതിവേഗം റിസൾട്ടും മരുന്നും എത്തിക്കുന്നതിനുള്ള സംവിധാനവും ഇവിടെയുണ്ട്. മിക്ക സർക്കാർ ആശുപത്രിയിലും

രാവിലെ മുതൽ ഉച്ചവരെ മാത്രം ഒ.പി പ്രവർത്തിപ്പിക്കുമ്പോൾ ഇവിടെ രാവിലെ മുതൽ ഉച്ചയ്ക്ക് 1 വരെയും പിന്നീട് രണ്ടു മുതൽ വൈകീട്ട് ആറുവരെയും ഡോകടർമാർ രോഗികളെ പരിശോധിക്കുന്നു. ആദിവാസികൾ അടക്കമുള്ളവർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാനുള്ള ടെലിമെഡിസിൻ യൂണിറ്റും ഇവിടെയുണ്ട്. രോഗികൾക്കെല്ലാം അവരുടെ ആരോഗ്യസ്ഥിതി രേഖപ്പെടുത്തുന്ന ഹെൽത്ത് കാർഡ് സംവിധാനവും ഏർപ്പെടുത്തി. ഇ-ഹെൽത്ത് സൗകര്യമുള്ള ഏത് ആശുപത്രിയിലും ഇത് പ്രയോജനപ്പെടുത്താം. രോഗികളുടെ വിവരങ്ങൾ ഇവിടെയുള്ള ഡിജിറ്റൽ സെർവറിൽ സൂക്ഷിക്കുന്നതിനാൽ പുനർ ചികിത്സ എളുപ്പത്തിലാക്കുന്നു. ഗർഭിണിയായ ആദിവാസി സ്ത്രീകൾ പലപ്പോഴും ആശുപത്രിയിൽ ചികിത്സ തേടാത്ത പതിവുള്ളതിനാൽ ഇവരുടെ പരിരക്ഷ കണക്കിലെടുത്ത് ***ഗോത്ര സ്പർശം പദ്ധതിയും*** ഇവിടെ മുന്നേറുന്നു. ആധുനിക സൗകര്യമുള്ള പ്രസവമുറിയും വാർഡും ഇവിടെയുണ്ട്. കൂടാതെ ട്രൈബൽ മൊബൈൽ മെഡിക്കൽയൂണിറ്റും പതിവ് തെറ്റാതെ കോളനികളിലെത്തുന്നു. ഷീ ടോയ്ലെറ്റും ആശുപത്രിയുടെ മുറ്റത്ത് കുട്ടികളുടെ ഹൈടെക് പാർക്കും സജ്ജീകരിച്ചിട്ടുണ്ട്. നാപ്കിൻ വെൻഡിങ്ങ് മെഷിനും ഇവിടയുണ്ട്. അടിയന്തര ഘട്ടത്തിൽ ചികിത്സ ലഭ്യമാക്കാനുള്ള ഡെഫിബ്രിലേറ്റർ സൗകര്യവും ഇവിടെയുണ്ട്. പ്രായമായ രോഗികളെ ബസ്സ്റ്റോപ്പ് വരെ എത്തിക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷയും സജ്ജമാക്കാനുള്ള അന്തിമ ഒരുക്കത്തിലാണ് അണിയറ പ്രവർത്തകർ.

## കൂട്ടായ്മയുടെ വിജയം

പൊതുജന ആരോഗ്യ സംരക്ഷണനത്തിന് ഏറ്റവും പ്രധാനമായ പരിഗണന. ഇതായിരുന്നു കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ തുടക്കത്തിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്. പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈഉദ്യമങ്ങൾക്ക് ശക്തിപകർന്നപ്പോൾ മെച്ചപ്പെട്ടത് ഗ്രാമങ്ങളുടെ ആരോഗ്യ ജീവിതമാണ്. ആശുപത്രി ജീവനക്കാരുടെയും പഞ്ചായത്ത് അധികൃതരുടെയും നാട്ടുകാരുടെയും കൂട്ടായ്മയാണ് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിനും ദേശീയ നിലവാരത്തിലുള്ള അംഗീകാരം എത്തിച്ചത്. നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറായ ഡോ. വി.പി. ദാഹർ മുഹമ്മദിന്റെയും സഹപ്രവർത്തകരുടെയും അക്ഷീണ പ്രവർത്തനമാണ് ഇതിനു പിന്നിലുള്ളത്. രണ്ടു വർഷം മുമ്പാണ് മലപ്പുറം തിരൂർ സ്വദേശിയായ ഡോ. ദാഹർ മുഹമ്മദ് ഇവിടെ ചാർജെടുക്കുന്നത്. വയനാടിന്റെ ഉൾഗ്രാമമായ നൂൽപ്പുഴയിലെ ആശുപത്രിയുടെ വികസനത്തിനായി ഡോക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച വിശദമായ പദ്ധതി രേഖയാണ് അതുവരെയും ആരാലും ശ്രദ്ധിക്കാതെ കിടന്നിരുന്ന ആശുപത്രിയുടെ മുഖഛായ മാറ്റുന്നത്. നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ശോഭൻകുമാറും ഭരണസമിതിയും പിന്തുണയായതോടെ ആധുനിക ആശുപത്രി എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ തുടങ്ങി. പഞ്ചായത്ത് മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 1.75 കോടി രൂപയാണ് ആശുപത്രിവികസനത്തിനായി ചെലവിട്ടത്. 13 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ലഭ്യമായി. ആശുപത്രിയിലെ നാലോളം ഡോക്ടർമാരും മറ്റു ജീവനക്കാരുമെല്ലാം ഈ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വളർച്ചയ്ക്ക് പിന്നിൽ അക്ഷീണം അണി നിരന്നു. സമൂഹത്തിലെ ഏറ്റവും താഴേ തട്ടിലുള്ളവർക്ക് മികച്ച ചികിത്സ നൽകാൻ കഴിയുന്നുവെന്ന ആത്മവിശ്വാസം തന്നെയാണ് ഇവർക്ക് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരവും. വനാന്തർഭാഗത്ത് ജീവിത സാഹചര്യങ്ങളോട് കാലങ്ങളോളം പൊരുതിയ വനവാസികൾക്കും മറ്റു ഗ്രാമീണർക്കുമെല്ലാം ചുരുങ്ങിയ കാലം കൊണ്ട് തന്നെ ഈ ആതുരാലയം പുതിയ പ്രതീക്ഷകൾ നൽകുന്നു.

എല്ലാ വിഭാഗം ജീവനക്കാരുടെയും കഠിന പരിശ്രമത്തിന്റെയും അർപ്പണബോധത്തിന്റെയും ഫലമാണ് ഈ നേട്ടമെന്നു മെഡിക്കൽ ഓഫിസർ ഡോ. ദാഹർ മുഹമ്മദ് പറയുന്നു. ഗ്രാമീണ ആരോഗ്യ സംരക്ഷണത്തിൽ രാജ്യത്തിന് ഒരു മാതൃകയായാവാൻ കഴിഞ്ഞതിൽ നാടും അഭിമാനിക്കുകയാണ്.●



**നൂൽപ്പുഴയുടെ വെല്ലുവിളികൾ. ആകെയുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മിക്കപ്പോഴും ഡോക്ടർമാരില്ലാത്തതും മരുന്നില്ലാത്തതുമെല്ലാം ഈ വനഗ്രാമത്തിനും വെല്ലുവിളിയായി. ഈ സാഹചര്യങ്ങൾക്കിടയിൽ നിന്നുമാണ് രാജ്യത്തിനും സംസ്ഥാനത്തിനും അഭിമാനമായി നൂൽപ്പുഴ വളരുന്നത്.**



# ഇടുക്കി ദേവികുളത്ത് ഗോത്രായന സംഗമം

കൊട്ടാരക്കര കില എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ഇടുക്കി ദേവികുളം ബ്ലോക്ക് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ 'ഗോത്രായന സംഗമം' നടത്തി. ബ്ലോക്ക് പരിധിയിലെ പട്ടികവർഗ സങ്കേതങ്ങളായ ഇടമലക്കുടി, മറയൂർ എന്നിവിടങ്ങളിൽ നടത്തുന്ന 'ഗോത്രായന 'ത്തിന്റെ ഭാഗമായാണ് സംഗമം നടത്തിയത്.

ഇറ്റിസിയിൽ പരിശീലനത്തിലുള്ള പുതുതായി സർവീസിലെത്തിയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഇൻ-സർവീസ് പരിശീലനത്തിന്റെ ഭാഗമായി നടത്തുന്നതാണ് പട്ടിക ഗോത്രവർഗ സങ്കേതങ്ങളിലെ പഠന പരിശീലനം. 'ഗോത്രായനം' എന്ന പേരിലാണ് കൊട്ടാരക്കര കില ഇറ്റിസി ഇത് നടത്തുന്നത്. പ്രധാനമായും പഞ്ചായത്തുകളിലെ പാവപ്പെട്ടവരുടെ വികസന കാര്യങ്ങൾ ഫീൽഡ് തലത്തിൽ നേരിട്ടു നിർവഹണം നടത്തുന്നവരാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ അല്ലെങ്കിൽ വി.ഇ.ഒ.മാർ. പഴയ കാലത്ത് ഇവരുടെ പേര് കേൾക്കാൻ ഏറെ സുഖവും സന്തോഷവുമുള്ള 'ഗ്രാമസേവകർ' എന്നായിരുന്നു.

ആദിവാസി ഗോത്രജനവിഭാഗങ്ങളുടെ ജീവിതാവസ്ഥകൾ, സംസ്കാരം എന്നിവ നേരിട്ടു കണ്ടു മനസിലാക്കുന്നതിനും ഉൾവനങ്ങളിൽ അതീവ ദുർഘട മേഖലയിൽ താമസിക്കുന്ന ആദിവാസികളുടെ വികസന പ്രശ്നങ്ങൾ മനസിലാക്കി അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നൽകാനും, തദ്ദേശ സ്ഥാപനങ്ങളിൽ ലഭ്യമായ വിവിധ പദ്ധതികളിലൂടെ പ്രശ്നങ്ങൾക്ക് സ്വയം പരിഹാര പദ്ധതികൾ കണ്ടെത്താനുമുള്ള പഠന പരിശീലനത്തിന്റെ ഭാഗമായാണ് വി.ഇ.ഒ.മാരുടെ സംഘം എത്തിയത്.

ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പരിധിയിലെ അടിമാലി പഞ്ചായത്ത് ഒന്നാം വാർഡിലുള്ളതും എത്തിപ്പെടാൻ ഏറ്റവും ദുർഘട പ്രദേശവുമായ ആദിവാസി സങ്കേതമായ കുറത്തിക്കുടി, ദേവികുളം ബ്ലോക്കു പരിധിയിലെ സംസ്ഥാനത്തെ ഏക പട്ടികവർഗ പഞ്ചായത്തായ ഇടമലക്കുടി ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുത്ത സങ്കേതങ്ങളിലും പൊതു സ്ഥാപനങ്ങളിലുമാണ് പ്രധാനമായും സംഘം സന്ദർശിച്ചത്. മൂന്നാർ രാജമല വഴി റിസർവ് വനമേഖല സ്ഥിതി ചെയ്യുന്ന ഇരവികുളം നാഷണൽ പാർക്കിനകത്തു കൂടി 18 കിലോമീറ്ററോളം യാത്ര ചെയ്യണം ഇടമലക്കുടിയിലെത്താൻ. നാലു വീലും ഒരേ സമയം ഗിയറിൽ കറങ്ങുന്ന

'ഫോർ വീൽ ജീപ്പിൽ' അത്യധികം ദുർഘടവും ഏറെ അപകട ഭീതിയുള്ളതുമായ രണ്ടര – മൂന്നു മീറ്ററോളം വരുന്ന കാട്ടുപാതയിലൂടെ മൂന്നര മണിക്കൂറോളം കൊടുംവനത്തിലൂയാണ് യാത്ര ചെയ്താണ് 21 വനിതകൾ ഉൾപ്പെട്ട വി.ഇ.ഒ.മാരുടെ സംഘം ഇടമലക്കുടിയിലെത്തിയത്. കൂടാതെ, മറയൂർ ഗ്രാമ പഞ്ചായത്തിലെ ഏതാനും ആദിവാസി കുടികളും സംഘം സന്ദർശിച്ചു.

ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ നടന്ന ഗോത്രായന സംഗമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കില ഇറ്റിസി പ്രിൻസിപ്പൽ ജി.കൃഷ്ണകുമാർ ഗോത്രായനത്തിന്റെ ലക്ഷ്യങ്ങൾ വിശദീകരിച്ചു. പരിശീലനാർത്ഥികൾ ഇടമലക്കുടിയിലും അടിമാലി ബ്ലോക്കിലെ കുറത്തിക്കുടിയിലും ഗോത്രമേഖലയിൽ നടത്തിയ സന്ദർശനത്തിന്റെ അനുഭവങ്ങൾ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തെരഞ്ഞെടുത്ത ഗോത്രവർഗ പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിച്ചു.

ദേവികുളം ബ്ലോക്കിലെ മറയൂർ പഞ്ചായത്തിലെ തെരഞ്ഞെടുത്ത ആദിവാസി കുടികളിലും സംഘം ഗോത്രായനം നടത്തി. ഇറ്റിസിയുടെ വി.ഇ.ഒ.മാരും ഫാക്കൽറ്റി അംഗങ്ങളുമടങ്ങിയ സംഘത്തിൽ 42പേരാണുണ്ടായിരുന്നത്. ഗോത്രായനം ഫെബ്രുവരി 7 ന് സമാപിച്ചു.●

പ്രിൻസിപ്പൽ, കില ഇ.റ്റി.സി, കൊട്ടാരക്കര

# ഞണ്ടുകൾക്ക് പുറംതോട് നഷ്ടമാകുന്നു; വില്ലനായി കാലാവസ്ഥാ വ്യതിയാനം



കാലാവസ്ഥാ വ്യതിയാനം എന്നത് ലോകത്തിലെ എല്ലാ ജീവജാലങ്ങൾക്കും അവയുടെ സുഖകരമായ ജീവിതത്തിൽ താളപ്പിഴകൾ ഉണ്ടാക്കുന്നതാണ് എന്നതിന് ഒരു ഉദാഹരണം കൂടി. പസഫിക് മേഖലയിൽ അമേരിക്കയുടെ പടിഞ്ഞാറൻ തീരങ്ങളിലെ കടൽജീവികളാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ പുതിയ ഇരകൾ. ഇതിൽ തന്നെ ഞണ്ടുകൾക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അവയുടെ പുറത്തുള്ള തോടുകൾ നഷ്ടപ്പെടുന്നു എന്നാണ് പുതിയ വാർത്ത.

നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷനിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. അന്തരീക്ഷത്തിലെ ഉയർന്ന തോതിലുള്ള കാർബൺ ഡയോക്സൈഡ് സമുദ്രജലത്തിൽ കലരുന്നതോടെ ജലത്തിലെ ഹൈഡ്രജൻ അയോണുകളുടെ സാന്ദ്രത വർധിക്കുന്നു. ഇതോടെ ഉയർന്ന തോതിൽ അമ്ലീകരണം നടക്കുകയും ജലത്തിലെ പി.എച്ച് നിലയും കാർബണേറ്റ് അയോണുകളും താഴുകയുംചെയ്യുന്നു.

പവിഴപ്പുറ്റുകളുടെയും ഞണ്ടുകളുടെയും കക്കകളുടെയും ഘടനാ നിർമ്മാണത്തിനും അവയുടെ പുറംതോട് നിലനിർത്തുന്നതിനും കാൽസ്യം കാർബണേറ്റിന്റെ സാന്നിധ്യം അത്യാവശ്യമാണ്. എന്നാൽ കാർബണേറ്റ് അയോണുകൾ ക്രമാതീതമായി കുറയുന്നതോടെ പുറംതോടുകളുടെ ശക്തി ക്ഷയിച്ച് അവയ്ക്ക് കേടുപാടുകൾ സംഭവിക്കും. ഞണ്ടുകളുടെ വളർച്ചയെത്തന്നെ ഈ പ്രശ്നങ്ങൾ സാരമായിബാധിക്കും.

---


## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT GRAMABHOOMI BI-MONTHLY

**From IV (See Rule 8)**

| | |
|---|---|
| 1. Place of Publication | Thiruvananthapuram |
| 2. Periodicity of publication | Bi-monthly |
| 3. Owner's Name, Nationality and Address | Sri. N. Padmakumar IAS, Indian<br>Commissioner of Rural Development, Swaraj Bhavan, Nanthencode, Thiruvananthapuram |
| 4. Printer's Name, Nationality and Address | Sri. Salim. A<br>Superintendent of Government Presses, Thiruvananthapuram |
| 5. Publisher's Name, Nationality and Address | Smt. Ajitha Das, Indian<br>Chief Officer, Rural Information Bureau, Swaraj Bhavan<br>6th Floor, Nanthencode, Thiruvananthapuram. |
| 6. Editor's Name, Nationality and Address | Smt. Ajitha Das, Indian<br>Chief Officer, Rural Information Bureau, Swaraj Bhavan<br>6th Floor, Nanthencode, Thiruvananthapuram. |
| 7. Name and address of individuals who own the news paper, partners or share holders holding more than one percent of the total capital | Department of Rural Development,<br>Government of Kerala. |

I , Ajitha Das, hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
28.03.2020

Sd/-
Ajitha Das
Chief Officer

Break the chain

കൈകൾ 20 സെക്കന്റ് നേരം
സോപ്പ് ഉപയോഗിച്ച് കഴുകൂ...

# കോവിഡിനെ
# അതിജീവിക്കൂ...



March-April 2020
₹ **2/-** Annual Subscription Rs. 12.00

GRAMABHOOMI
BI-MONTHLY

RN. No. 36116/1980



ഗ്രാമീണകേരളത്തിന്റെ
നേർക്കാഴ്ചയുമായി

ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003



Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das